സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2024 മെയ് 11 ശനി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | പുസ്തകം 17 ലക്കം 144

## ക്രമസമാധാനം തകർന്നു, സംസ്ഥാനത്ത് ആർക്കും നിയമം കയ്യിലെടുക്കാവുന്ന അവസ്ഥയെന്ന് വി ഡി സതീശൻ



തിരുവനന്തപുരം:ക്രമസമാധാനം പൂർണമായും തകർത്ത് ആർക്കും നിയമം കയ്യിലെടുക്കാവുന്ന സ്ഥിതിലേക്കാണ് സർക്കാരും ആഭ്യന്തര വകുപ്പും കേരളത്തെ എത്തിച്ചിരിക്കുന്നതെന്ന് . പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.


'സംസ്ഥാനത്തിൻറെ എല്ലാ ഭാഗങ്ങളിൽ നിന്നും നിഷ്ഠൂരമായ കൊലപാതകങ്ങളും ആക്രമണങ്ങളുമാണ് എല്ലാ ദിവസങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നത്..കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് കാറിലെത്തിയ ഗുണ്ടാ സംഘം യുവാവിനെ തലയ്ക്കടിച്ചു കൊലപ്പെടുത്തി. തലയോട്ടി പിളർന്ന നിലയിലാണ് യുവാവിനെ ആശുപത്രിയിൽ എത്തിച്ചത്. മൂവാറ്റുപുഴയിൽ മകൻ അമ്മയെ കഴുത്തിൽ ഷാൾ മുറുക്കി ശ്വാസം മുട്ടിച്ചു കൊലപ്പെടുത്തി. പെരിന്തൽമണ്ണയിൽ ഇതരസംസ്ഥാന തൊഴിലാളിയെ ദമ്പതികൾ കൊലപ്പെടുത്തി. തൃശൂർ ചേർപ്പിൽ അച്ഛനും മകനുമായുള്ള വഴക്കിൽ ഇടപെട്ട യുവാവിനെ ഗുണ്ടകൾ അടിച്ചു കൊന്നു. എറണാകുളം തമ്മനത്ത് നടുറോഡിൽ ബൈക്ക് വച്ചതിനെ ചൊല്ലി ഉണ്ടായ തർക്കത്തിൽ യുവാവിനെ കുത്തിക്കൊന്നു'ഭ. ഇങ്ങിനെ എത്രയെത്ര കൊലപാതകങ്ങളും അക്രമസംഭവങ്ങളുമാണ് ഓരോ ദിവസവും കേരളത്തിൽ നടക്കുന്നതെന്നും അദ്ദേഹം ചോദിച്ചു.

നിയന്ത്രിക്കാൻ ആരുമില്ലാതെ കുത്തഴിഞ്ഞ അവസ്ഥയിലാണ് കേരളത്തിലെ പൊലീസ് സംവിധാനം. ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി ടൂറിലാണ്. അദ്ദേഹം സംസ്ഥാനത്ത് ഉണ്ടായിരുന്നപ്പോഴും ഇതൊക്കെ തന്നെയായിരുന്നു അവസ്ഥ. പൊലീസിനെ രാഷ്ട്രീയവത്ക്കരിച്ച് പ്രദേശിക സ്റ്റേഷനുകളുടെ നിയന്ത്രണം സി.പി.എം ജില്ല, ഏരിയ കമ്മിറ്റികൾക്ക് വിട്ടുകൊടുത്തതാണ് സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയ്ക്ക് കാരണം. ലഹരി- ഗുണ്ടാ മാഫിയകളുടെ കണ്ണികളായ പ്രവർത്തിക്കുന്നതും അത്തരം സംഘങ്ങൾക്ക് രാഷ്ട്രീയ രക്ഷാകർതൃത്വം നൽകുന്നതും സി.പി.എം നേതാക്കളാണ്. ആലപ്പുഴയിൽ ഉൾപ്പെടെ ഇത് എത്രയോ തവണ വ്യക്തമായതാണ്.

പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അടിച്ചൊതുക്കലും സി.പി.എം ക്രിമിനലുകൾക്ക് സുരക്ഷ ഒരുക്കലും മാത്രമാണ് കേരള പൊലീസിന്റെ പണി. പൊലീസിന്റെ ആത്മാഭിമാനമാണ് ഈ സർക്കാർ ഇല്ലാതാക്കിയത്. സംസ്ഥാനത്ത് ഗുരുതര ക്രമസമാധാന പ്രശ്നങ്ങൾ ആവർത്തിക്കുമ്പോഴും പൊലീസ് സേനയ്ക്ക് ഒരു തലവനുണ്ടോയെന്നു പോലും സംശയിക്കേണ്ട നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്.

സംസ്ഥാനത്തെ ക്രമസമാധാനം വീണ്ടെടുക്കാനും ക്രിമിനലുകളെയും ലഹരി സംഘങ്ങളെയും നിയന്ത്രിക്കാനും പൊലീസ് അടിയന്തരമായി തയാറാകണം. ടൂറിനു പോയ ആഭ്യന്തര മന്ത്രിയുടെ തിരിച്ചുവരവിന് കാത്തിരിക്കാതെ ക്രിമിനലുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും ക്രമസമാധാനം നടപ്പാക്കാനുമുള്ള നിർദ്ദേശം നൽകാൻ സംസ്ഥാന പൊലീസ് മേധാവി തയാറാകണമെന്നും വിഡി സതീശൻ ആവശ്യപ്പെട്ടു.

## തലസ്ഥാനത്തെ അരുംകൊല; അക്രമികൾ കരമന അനന്തു കൊലക്കേസിലെ പ്രതികളെന്ന് പൊലീസ്; ഒരാൾ കസ്റ്റഡിയിൽ



തിരുവനന്തപുരം: തിരുവനന്തപുരം കരമനയിലെ യുവാവിന്റെ കൊലപാതകത്തിൽ ഒരാളെ പൊലീസ് കസ്റ്റഡിയിലെടുത്തു. 4 പേർക്കായി തെരച്ചിൽ തുടരുകയാണെന്നും പൊലീസ് അറിയിച്ചു. 2019ലെ കരമന അനന്തു കൊലക്കേസിലെ പ്രതികളാണ് ഈ കേസിലെ പ്രതികളെന്നും കഴിഞ്ഞ ദിവസം ബാറിലുണ്ടായ തർക്കത്തിന്റെ പ്രതികാരമെന്ന് അരുംകൊലയെന്നും പൊലീസ് വ്യക്തമാക്കി.മരുതൂർ കടവ് പ്ലാവില വീട്ടിൽ അഖിൽ ആണ് ഇന്നലെ കൊല്ലപ്പെട്ടത്. വൈകീട്ട് അഞ്ച് മണിയോടെ കരമന മരുതൂർ കടവിലായിരുന്നു സംഭവം. യുവാവിനെ നടുറോഡിൽ തലയ്ക്കടിച്ചു കൊലപ്പെടുത്തിയതിന്റെ സിസിടിവി ദൃശ്യങ്ങൾ നേരത്തെ പുറത്ത് വന്നിരുന്നു. അതിക്രൂരമായിട്ടാണ് പ്രതികൾ അഖിലിനെ കൊലപ്പെടുത്തിയതെന്ന് സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്. യുവാവിനെ തലയ്ക്കടിച്ച് വീഴ്ത്തിയ ശേഷം ദേഹത്ത് കല്ലെടുത്ത് ഇടുന്നതും ദൃശ്യങ്ങളിൽ കാണാം. കേസിൽ പിടിയിലാകാനുള്ള നാല് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും പൊലീസ് അറിയിച്ചു. വിനീഷ് രാജ്, അഖിൽ, സുമേഷ്, അനീഷ് എന്നിവരെയാണ് ഇനി പിടികൂടാനുള്ളത്.

കഴിഞ്ഞ മാസം 26 ന് രാത്രി പാപ്പനംകോട് ബാറിൽ ഉണ്ടായ തർക്കമാണ് കൊലപാതകത്തിന് കാരണം. കൊല്ലപ്പെട്ട അഖിൽ അടക്കം എട്ട് പേർ അടങ്ങുന്ന സംഘവും പ്രതികളും തമ്മിലായിരുന്നു തർക്കം.

ബാറിൽ വഴി അടഞ്ഞ് നിന്നതുമായി ബന്ധപ്പെട്ടായിരുന്നു തർക്കം തുടങ്ങുന്നത്. കൊല്ലപ്പെട്ട അഖിലിന്റെ സംഘവും പ്രതികളും തമ്മിൽ അന്നും അടിയുണ്ടായിരുന്നു. ഇതിന്റെ പ്രതികാരമാണ് കൊലപാതകമെന്നാണ് പൊലീസ് പറയുന്നത്.

# വീണ്ടും കളത്തിലിറങ്ങാൻ കെജരിവാൾ



ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതി കേസിൽ ഇടക്കാല ജാമ്യത്തിൽ ഇറങ്ങിയ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഇന്ന് ലോക്സഭ പ്രചാരണത്തിന് ഇറങ്ങും. തുടക്കത്തിൽ തന്നെ റോഡ് ഷോ നടത്തി അരവിന്ദ് കെജരിവാളിന്റെ തിരിച്ചുവരവ് ഗംഭീരമാക്കാനുള്ള ശ്രമത്തിലാണ് ആം ആദ്മി പാർട്ടി.പ്രചാരണത്തിന് ഇറങ്ങുന്നതിന് മുൻപ് ഡൽഹി കൊണാട്ട്പ്ലേസിലെ ഹനുമാൻ ക്ഷേത്രത്തിലെത്തി അരവിന്ദ് കെജരിവാൾ ദർശനം നടത്തി. ഭാര്യ സുനിത കെജരിവാളും പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് സിങ് മാനും അനുഗമിച്ചു. ഇന്ന് ദക്ഷിണ ഡൽഹിയിൽ അരവിന്ദ് കെജരിവാളിന്റെ റോഡ് ഷോ നടത്തി പ്രചാരണത്തിന് ശക്തി പകരാനാണ് ആംആദ്മി പാർട്ടിയുടെ തീരുമാനം. അതിനിടെ ഡൽഹിയിലെ ആംആദ്മി പാർട്ടി ഓഫീസിൽ വാർത്താസമ്മേളനം നടത്തി അരവിന്ദ് കെജരിവാൾ നിലപാടുകൾ വ്യക്തമാക്കും.

ലോക്സഭ തെരഞ്ഞെടുപ്പ് നാലാംഘട്ടത്തിലേക്ക് കടക്കാൻ ഇരിക്കേ, കെജരിവാളിനെ ദേശീയതലത്തിൽ തന്നെ ഉയർത്തിക്കാട്ടാനാണ് പാർട്ടിയുടെ പദ്ധതി. മെയ് 25നാണ് ഡൽഹിയിലെ ഏഴു മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്. 50 ദിവസത്തെ ജയിൽവാസത്തിന് ശേഷം പുറത്തിറങ്ങിയ കെജരിവാളിനെ എഎപി പ്രവർത്തകർ മുദ്രാവാക്യം വിളികളോടെയാണ് എതിരേറ്റത്.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കടുത്ത എതിർപ്പ് തള്ളിയാണ് സുപ്രീംകോടതി ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങിയ ബെഞ്ച് കെജരിവാളിന് ഇടക്കാല ജാമ്യം അനുവദിച്ചത്. ജൂൺ ഒന്നുവരെയാണ് കെജരിവാളിനു ജാമ്യം അനുവദിച്ചത്.

അറസ്റ്റ് ചോദ്യം ചെയ്തുള്ള കെജരിവാളിന്റെ ഹർജിയിൽ സുപ്രീം കോടതി ഇടക്കാല ജാമ്യം പരിഗണിക്കുകയായിരുന്നു. രാഷ്ട്രീയക്കാരൻ എന്ന പരിഗണന വച്ച് ജാമ്യം അനുവദിക്കാനാവില്ലെന്ന് ഇഡി നിലപാടെടുത്തെങ്കിലും കെജരിവാൾ ഡൽഹിയുടെ തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയാണെന്നും തെരഞ്ഞെടുപ്പു കാലമാണെന്നും ഇതൊരു അസാധാരണ സാഹചര്യമാണെന്നെന്നും ചൂണ്ടിക്കാട്ടി കോടതി ഇഡിയുടെ വാദം തള്ളുകയായിരുന്നു.

അരവിന്ദ് കെജരിവാൾ ഡൽഹി മുഖ്യമന്ത്രിയാണ്. രാജ്യത്തെ ദേശീയ പാർട്ടികളിൽ ഒന്നിന്റെ നേതാവാണ്. അദ്ദേഹത്തിനെതിരെ ഉയർന്നിട്ടുള്ളത് ഗുരുതരമായ ആരോപണമാണ് എന്നതിൽ സംശയമൊന്നുമില്ല. എന്നാൽ അതിൽ അദ്ദേഹം കുറ്റക്കാരനെന്നു കണ്ടെത്തിയിട്ടില്ല- കോടതി ചൂണ്ടിക്കാട്ടി.

## കഞ്ചാവുമായി യുവാവ് അറസ്റ്റിൽ

മലപ്പുറം: തിരൂരിൽ 3.039 ഗ്രാം മെത്താംഫിറ്റമിനും 50 ഗ്രാം കഞ്ചാവുമായി യുവാവ് അറസ്റ്റിൽ. അജിത്ത് പി പി എന്നയാളാണ് പിടിയിലായത്. തിരൂർ റേഞ്ച് ഇൻസ്പെക്ടർ സുധീർ കെ കെയും സംഘവും നടത്തിയ റെയ്ഡിലാണ് ഇയാൾ അറസ്റ്റിലായത്. പി ഒ രവീന്ദ്രനാഥ്, ഷിജിത്ത് എം കെ, അനീസ് ബാബു, വിനീഷ് പി ബി എന്നിവരും സംഘത്തിലുണ്ടായിരുന്നു. അതേസമയം, കണ്ണൂർ നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, കണ്ണൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപം വച്ച് 5.66 ഗ്രാം എംഡിഎംഎയുമായി ഒരാളെ അറസ്റ്റ് ചെയ്തു.

സർക്കിൾ ഇൻസ്പെക്ടർ ഷറഫുദിൻ. ടി യും സംഘവും ചേർന്നാണ് കണ്ണൂർ സ്വദേശി ജയേഷ് കെ എന്നയാളെ പിടികൂടിയത്. കണ്ണൂർ ടൗണിലെ പ്രധാന മയക്കുമരുന്ന് വിതരണക്കാരനാണ് ഒട്ടേറെ മയക്കുമരുന്ന് കേസുകളിൽ പ്രതിയായ ഇയാൾ. സംഘത്തിൽ എക്സൈസ് ഇൻസ്പെക്ടർ ഷിജുമോൻ ടി, പ്രിവന്റീവ് ഓഫീസർ ഗ്രേഡ് ഖാലിദ് ടി, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് അബ്ദുൾ നാസർ ആർ പി എന്നിവരും ഉണ്ടായിരുന്നു.

## യാത്രയ്ക്കിടെ 53കാരന് സൂര്യാഘാതമേറ്റു; കൈകളിലും വയറിലും പൊള്ളി കുമിളകൾ

മലപ്പുറം: നിലമ്പൂരിൽ യാത്രയ്ക്കിടെ അമ്പത്തിമൂന്നുകാരന് സൂര്യാഘാതമേറ്റു. നിലമ്പൂർ മയ്യന്താനി പുതിയപറമ്പൻ സുരേഷിനാണ് സൂര്യാഘാതമേറ്റത്.

സുരേഷിൻറെ കൈകളിലും വയറിലും പൊള്ളലേറ്റിട്ടുണ്ട്. പൊള്ളലേറ്റ ഭാഗങ്ങളിൽ കുമിളകളും പൊങ്ങിയിട്ടുണ്ട്. കഴിഞ്ഞ ദിവസം മമ്പാട് നിന്ന് നിലമ്പൂരിലേക്കുള്ള യാത്രാമദ്ധ്യേയാണ് സംഭവം.

കൈകളിൽ പൊള്ളലേറ്റത് പോലുള്ള നീറ്റലാണ് ആദ്യം അനുഭവപ്പെട്ടത്. വീട്ടിലെത്തി തണുത്ത വെള്ളത്തിൽ കഴുകിയപ്പോൾ നല്ലതോതിൽ വേദന അനുഭവപ്പെട്ടു. ഇതിന് പിന്നാലെ കൈകളിലും വയറിലും പൊള്ളലേറ്റ ഇടത്ത് കുമിളകൾ പൊങ്ങി. തുടർന്ന് ആശുപത്രിയിലേക്ക് തിരിച്ചു.

നിലമ്പൂർ ജില്ലാ ആശുപത്രിയിലാണ് ചികിത്സ തേടിയെത്തിയത്. അവിടെ നിന്ന് ഒരു ഓയിൻമെൻറ് നൽകിയെങ്കിലും അത് പുരട്ടിയിട്ടും വേദനയ്ക്കും പൊള്ളലിനും കുറവില്ലെന്നാണ് ഇദ്ദേഹം പറയുന്നത്.

## മുഖ്യമന്ത്രിയുടെ വിദേശയാത്ര തന്നെ അറിയിച്ചിട്ടില്ല, രാജ്ഭവനെ ഇരുട്ടിൽ നിർത്തുന്നെന്നും ഗവർണർ



കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയൻ വിദേശയാത്ര പോയത് തന്നെ അറിയിക്കാതെയെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഈ വിവരം അറിയിച്ചതിന് മാധ്യമങ്ങൾക്ക് നന്ദി. മുൻപ് നടത്തിയ വിദേശയാത്രകളെ കുറിച്ചും മുഖ്യമന്ത്രി രാജ്ഭവനെ അറിയിച്ചിട്ടില്ല. സംസ്ഥാന സർക്കാർ രാജ്ഭവനെ ഇരുട്ടിൽ നിർത്തുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇതേക്കുറിച്ച് രാഷ്ട്രപതിയ്ക്ക് കത്തയച്ച് അറിയിച്ചിരുന്നുവെന്നും അദ്ദേഹം കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അതിനിടെ ബംഗാൾ ഗവർണർ സി.വി ആനന്ദ ബോസിനെതിരായ ആരോപണത്തിൽ പ്രതികരിക്കാൻ താനില്ല. ആനന്ദ ബോസ് തന്നെ സംഭവത്തിൽ പ്രതികരിച്ചിട്ടുണ്ടെന്നും ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു..

## 1.2 ലക്ഷം രൂപയുടെ പെൻഷന് വേണ്ടി അച്ഛൻറെ മൃതദേഹം വർഷങ്ങളോളം ഒളിപ്പിച്ച് തായ്‌വാനീസ് യുവതി; ഒടുവിൽ പിടിയിൽ

1.2 ലക്ഷം രൂപയുടെ സൈനിക പെൻഷന് വേണ്ടി യുവതി അച്ഛൻറെ മൃതദേഹം വർഷങ്ങളോളം ഒളിപ്പിച്ചെന്ന് കേസ്. തെക്കൻ തായ്‌വാനിലെ കാവോസിയുങ്ങിൽ താമസിക്കുന്ന യുവതിക്കെതിരെയാണ് കേസ്. കഴിഞ്ഞ നവംബറിൽ വീട്ടിലെത്തിയ ഡെങ്കിപ്പനി പ്രതിരോധ ആരോഗ്യപ്രവർത്തകരെ യുവതി വീട്ടിൽ കയറ്റാൻ അനുവദിച്ചില്ല. ഇതിനെ തുടർന്ന് ആരോഗ്യ വകുപ്പ് യുവതിക്ക് 60,000 പുതിയ തായ്‌വാൻ ഡോളർ (ഏകദേശം 1.50 ലക്ഷം രൂപ) പിഴ ചുമത്തി. എന്നാൽ യുവതി ആരോഗ്യ പ്രവർത്തകരെ വീട്ടിൽ കയറ്റാതിരുന്നത് സംബന്ധിച്ച് അധികാരികൾക്ക് സംശയം തോന്നുകയും തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് വർഷങ്ങൾക്ക് മുമ്പ് മരിച്ച അച്ഛൻറെ മൃതദേഹം യുവതി പെൻഷൻ വാങ്ങാനായി വീട്ടിൽ ഒളിപ്പിച്ചെന്ന് കണ്ടെത്തിയത്.

20 വർഷത്തോളം രാജ്യത്തിന് വേണ്ടി സൈനിക സേവനം ചെയ്തയാളാണ് യുവതിയുടെ പിതാവെന്ന് സൌത്ത് ചൈന മോർണിംഗ് പോസ്റ്റ് റിപ്പോർട്ട് ചെയ്തു. ആരോഗ്യപ്രവർത്തകരെ വീട്ടിൽ കയറ്റാതിരുന്നതിനെ തുടർന്ന് പോലീസ് വീട്ടിലെത്തുകയും യുവതിയെ ചോദ്യം ചെയ്യുകയും ചെയ്തു. എന്നാൽ പിതാവ് എവിടെയെന്ന ചോദ്യത്തിന് കൃത്യമായൊരു ഉത്തരം നൽകാൻ യുവതിക്ക് കഴിഞ്ഞില്ല. പിതാവ് ഒരു നേഴ്സിംഗ് സ്ഥാപനത്തിലാണെന്നാണ് യുവതി പോലീസിനെ അറിയിച്ചത്. എന്നാൽ ഏത് നേഴ്സിംഗ് സ്ഥാപനത്തിലാണെന്ന് പറയാൻ യുവതിക്ക് കഴിഞ്ഞില്ല. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ പിതാവിനെ സഹോദരൻ മെയിൻ ലാൻറിലേക്ക് കൊണ്ട് പോയെന്ന് അറിയിച്ചു. പോലീസ് ഇതും അന്വേഷിച്ചു. പക്ഷേ ഇവരുടെ സഹോദരൻ 50 വർഷം മുമ്പ് മരിച്ച് പോയെന്നും പിതാവ് തായ്‌വാനിൽ നിന്ന് പുറത്ത് കടന്നതിന് രേഖകളില്ലെന്നും പോലീസ് കണ്ടെത്തി. തുടർന്ന് വീണ്ടും ചോദ്യം ചെയ്തപ്പോൾ പിതാവ് ചൈനയിൽ വച്ച് മരിച്ചെന്നായിരുന്നു യുവതിയുടെ മറുപടി. അതേസമയം മരണസർട്ടിഫിക്കറ്റ് ഇല്ലെന്നും അതിനായി അപേക്ഷിക്കുകയാണെന്നും യുവതി മറുപടി നൽകി.

ഓരോ ചോദ്യം ചെയ്യലിലും യുവതി മൊഴികൾ മാറ്റിക്കൊണ്ടിരുന്നതോടെ പോലീസ് വീടും സ്ഥലവും പരിശോധിക്കാൻ തീരുമാനിച്ചു. തുടർന്ന് നടത്തിയ പരിശോധനയിൽ കറുത്ത പ്ലാസ്റ്റിക്ക് സഞ്ചിയിൽ പൊതിഞ്ഞ നിലയിൽ പ്രായമായ ഒരാളുടെ മൃതദേഹാവശിഷ്ടങ്ങൾ പോലീസ് കണ്ടെത്തി. കൂടുതൽ പരിശോധനയിൽ മൃതദേഹത്തിന് ഏറെക്കാലത്തെ പഴക്കമുണ്ടെന്നും പോലീസ് കണ്ടെത്തി. മൃതദേഹാവശിഷ്ടം യുവതിയുടെ പിതാവിൻറെതാണെന്ന് പോലീസ് തിരിച്ചറിഞ്ഞു. പിതാവിൻറെ മരണത്തിൽ യുവതിക്ക് പങ്കുണ്ടോയെന്ന അന്വേഷണത്തിലാണ് പോലീസ്. തായ്‌വാനിൽ മൃതദേഹത്തിനെതിരെ മോശമായി പെരുമാറുന്നത് വലിയ കുറ്റകൃത്യമാണ്. അഞ്ച് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. സൈനിക സേവനം അനുഷ്ഠിച്ച പിതാവിൻറെ പെൻഷൻ തുക ലഭിക്കുന്നതിനായാണ് അദ്ദേഹത്തിൻറെ മരണം യുവതി പറത്ത് അറിയിക്കാതിരുന്നതെന്ന് പോലീസ് പറയുന്നു.

## ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽമഴ ശക്തമാകുന്നു. ഇന്ന് അഞ്ച് ജില്ലകളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിക്കുന്നത്. ജാഗ്രതയുടെ ഭാഗമായി പത്തനംതിട്ട, എറണാകുളം, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. മറ്റു ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്.

ഞായറാഴ്ച പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലും തിങ്കളാഴ്ച തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലും ചൊവ്വാഴ്ച പത്തനംതിട്ട ജില്ലയിലും ബുധനാഴ്ച പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയാണ് പ്രവചിക്കുന്നത്. ജാഗ്രതയുടെ ഭാഗമായി ഈ ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന ശക്തമായ മഴയാണ് യെല്ലോ അലർട്ട് കൊണ്ട് അർത്ഥമാക്കുന്നത്.

## കോൺഗ്രസിനും വീഴ്ചയുണ്ടായിട്ടുണ്ട്; മാറ്റം വരുത്തേണ്ടതുണ്ടെന്ന് രാഹുൽ ഗാന്ധി



ലഖ്നോ: മുമ്പ് കോൺഗ്രസിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ കോൺഗ്രസ് അതിന്റെ രാഷ്ട്രീയത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും രാഹുൽ ഗാന്ധി. ലഖ്നോവിൽ റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നരേന്ദ്ര മോദി ഏകാധിപതിയാണെന്നും പ്രധാനമന്ത്രിയല്ലെന്നും രാഹുൽ കുറ്റപ്പെടുത്തി."അദ്ദേഹം ഒരു പ്രധാനമന്ത്രിയല്ല, ഒരു സർവാധിപതിയാണ്. മന്ത്രിസഭയിലോ പാർലമെന്റിലോ ഭരണഘടനയിലോ അദ്ദേഹത്തിന് യാതൊന്നും പ്രവർത്തിക്കാനില്ല. 21-ാം നൂറ്റാണ്ടിന്റെ രാജാവാണ് അദ്ദേഹം. യഥാർഥത്തിൽ അധികാരം കൈയാളുന്ന രണ്ടോ മൂന്നോ സമ്പന്ന നിക്ഷേപകരുടെ മറയായി പ്രവർത്തിക്കുന്ന വ്യക്തിയാണ്"-രാഹുൽ പറഞ്ഞു.പ്രധാനമന്ത്രിയെ അദ്ദേഹം സംവാദത്തിന് വെല്ലുവിളിച്ചു. അതേസമയം കോൺഗ്രസിൽ എന്ത് തരത്തിലുള്ള മാറ്റമാണ് വേണ്ടതെന്ന് രാഹുൽ വ്യക്തമാക്കിയില്ല. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി 180 സീറ്റിൽ കൂടുതൽ നേടില്ലെന്നും രാഹുൽ ആവർത്തിച്ചു.അധികാരത്തിലേക്കാണ് താൻ പിറന്നുവീണത്. അതുകൊണ്ട് തന്നെ അതിൽ തനിക്ക് താൽപ്പര്യവുമില്ല. അധികാരമെന്നാൽ തനിക്ക് പൊതുജനങ്ങളെ സഹായിക്കാനുള്ള ഒരു ഉപാധി മാത്രമാണെന്നും രാഹുൽ വ്യക്തമാക്കി.

## അച്ഛനെ വാടകവീട്ടിൽ ഉപേക്ഷിച്ച് മകൻ കടന്നുകളഞ്ഞു; 2 ദിവസം ഭക്ഷണം പോലും കിട്ടാതെ വലഞ്ഞ് വയോധികൻ

കൊച്ചി: കിടപ്പുരോഗിയായ അച്ഛനെ വാടകവീട്ടിൽ ഉപേക്ഷിച്ച് മകനും കുടുംബവും കടന്ന് കളഞ്ഞു. എറണാകുളം എരൂരിൽ 70 പിന്നിട്ട ഷൺമുഖനാണ് ഭക്ഷണം കിട്ടാതെ പ്രാഥമിക കൃത്യങ്ങൾ വരെ മുടങ്ങി ഒരുദിവസം നരകിച്ച് കഴിഞ്ഞത്. കൗൺസിലറുടെ പരാതിയിൽ മകൻ അജിത്തിനെതിരെ കേസെടുത്ത തൃപ്പൂണിത്തുറ പൊലീസ് ഷൺമുഖനെ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

വാടകവീട്ടിൽ നിന്നും വീട്ടുപകരങ്ങൾ എടുക്കാൻ മറന്നില്ല. എന്നാൽ അച്ഛനെ വീടിനുള്ളിൽ പൂട്ടിയിട്ട് മകനും കുടുംബവും യാത്ര പോയിട്ട് ദിവസം രണ്ടായി. ഭക്ഷണം കിട്ടാതെ യൂറിൻ ബാഗ് പോലും മാറ്റാനാകാതെ കിടന്ന കിടപ്പിലായിരുന്നു വയോധികൻ. മകൻ അജിത്തും രണ്ട് പെൺമക്കളുമുണ്ട് ഷൺമുഖന്. ഇവർ തമ്മിൽ കുടുംബപ്രശ്നവും സാമ്പത്തിക തർക്കങ്ങളുമുണ്ടെന്നായിരുന്നു എന്നാണ് നാട്ടുകാർ പറയുന്നത്. എന്നാൽ ഈ കുരുക്കിൽ പെട്ട് ജീവിതം നരകമായത് എഴുപത് പിന്നിട്ട ഷൺമുഖനായിരുന്നു. കൗൺസിലറുടെ പരാതിയിലാണ് തൃപ്പൂണിത്തുറ പൊലീസ് മകനെതിരെ കേസെടുത്തത്. സംഭവത്തിൽ അജിത്തോ പെൺമക്കളോ പൊലീസിനോട് പ്രതികരിക്കാൻ തയ്യാറായിട്ടില്ല.

വൈറ്റില സ്വദേശി ഷൺമുഖൻ അപകടത്തിൽപെട്ടാണ് കിടപ്പിലായതാണ്. മൂന്ന് മാസമായി മകൻ അജിത്തിനൊപ്പം വാടകവീട്ടിലായിരുന്നു ഇദ്ദേഹത്തിന്റെ താമസം. മാസങ്ങളായി വാടക കുടിശ്ശികയാണെന്ന് വീട്ടുടമസ്ഥൻ പറയുന്നു. അജിത്തും കുടുംബവും വ്യാഴാഴ്ച വൈകീട്ട് സാധനങ്ങളെടുത്ത് വീടൊഴിഞ്ഞു. എന്നാൽ ഇന്നലെ രാത്രി അയൽക്കാർ വിവരമറിയിച്ചപ്പോഴാണ് അച്ഛനെ ഉപേക്ഷിച്ച് അജിത്ത് കടന്ന് കളഞ്ഞെന്ന വിവരം വീട്ടുടമസ്ഥൻ അറിയുന്നത്. വിവരം പുറത്ത് വന്നതോടെ ഷൺമുഖനെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. സംരക്ഷണം സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന് ആരോഗ്യമന്ത്രിയും അറിയിച്ചു.

വിഷയത്തിൽ സബ് കളക്ടറോട് എറണാകുളം ജില്ല കളക്ടർ റിപ്പോർട്ട് തേടി. വയോജന സംരക്ഷണ ചട്ടം പ്രകാരം നിയമനടപടികൾ എടുക്കാനാണ് തീരുമാനം.

# ബോചെ ടീ ലക്കി ഡ്രോയിൽ 10 ലക്ഷം നേടി ഷാനിൽ അബ്ദുള്ള

തൃശൂർ: ദിവസേന 10 ലക്ഷം രൂപ സമ്മാനമായി നൽകുന്ന ബോചെ ടീ ലക്കി ഡ്രോ യിലെ വിജയിയായ ഷാനിൽ അബ്ദുള്ളക്ക് 10 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. തൃശൂരിൽ നടന്ന ചടങ്ങിലാണ് ചെക്ക് കൈമാറിയത്. കില ചെയർമാൻ കെ.എൻ. ഗോപിനാഥൻ അധ്യക്ഷനായി. തലശ്ശേരി സ്വദേശിയാണ് ഷാനനിൽ അബ്ദുള്ള. ദിവസേനയുള്ള നറുക്കെടുപ്പിലൂടെ 10 ലക്ഷം രൂപയും കൂടാതെ 13704 ഭാഗ്യവാന്മാർക്ക് 25000, 10000, 5000, 1000, 100 എന്നിങ്ങനെ ക്യാഷ് പ്രൈസുകളും ലഭിക്കുന്നുണ്ട്. 25 കോടി രൂപയാണ് ബമ്പർ സമ്മാനം.



www.bochetea.com സന്ദർശിച്ച് 40 രൂപയുടെ ബോചെ ടീ പാക്കറ്റ് വാങ്ങുമ്പോൾ സൗജന്യമായി ബോചെ ലക്കി ഡ്രോ ടിക്കറ്റ് ലഭിക്കും. എല്ലാ ദിവസവും രാത്രി 10.30 നാണ് നറുക്കെടുപ്പ്. ബോചെ ടീ യുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകൾ എന്നിവ വഴിയാണ് നറുക്കെടുപ്പ് ഫലം പ്രസിദ്ധീകരിക്കുന്നത്. ബോചെ ഗോൾഡ് ആന്റ് ഡയമണ്ട്സ്, ബോചെ ടീ, ബോചെ ഗോൾഡ് ലോൺ എന്നിവയുടെ 'ബോചെ പാർട്ണർ' ബിസിനസ് അവസരങ്ങൾക്ക് 7034187000 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ഇറച്ചിക്കോഴികളെ കൊണ്ടുവന്ന വാഹനത്തിൽ കണ്ടത് ഞെട്ടിക്കുന്ന കാഴ്ച ; വാഹനം തടഞ്ഞ് നാട്ടുകാർ

കോഴിക്കോട് : നമ്പർ പ്ലേറ്റ് മറച്ച നിലയിൽ ഇറച്ചിക്കോഴികളെ കൊണ്ടുവന്ന വാഹനം കണ്ടപ്പോൾ നാട്ടുകാർക്ക് തോന്നിയ സംശയത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയത് ഞെട്ടിക്കുന്ന കാര്യങ്ങൾ. കോഴിക്കോട് ബാലുശ്ശേരിയിൽ ഇറച്ചിക്കോഴികളെ കൊണ്ടുവന്ന വാഹനത്തിൽ നിന്നും ചത്ത കോഴികളെയാണ് കണ്ടെത്തിയത്. തമിഴ്നാട്ടിൽ നിന്നും ചത്ത കോഴികളെ കടത്തിക്കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് കോഴിക്കടക്കാർക്ക് വിൽപ്പന നടത്തുന്ന സംഘത്തെ നാട്ടുകാർ തടഞ്ഞുവച്ചു. തമിഴ്നാട് രജിസ്ട്രേഷനുള്ള വാഹനത്തിൽ നിന്നുമാണ് ചത്ത കോഴികളെ കണ്ടെത്തിയത്.

കടുത്ത ചൂടു മൂലവും വിവിധ അസുഖങ്ങൾ ബാധിച്ചും തമിഴ്നാട്ടിലെ ഫാമുകളിൽ ചത്തൊടുങ്ങുന്ന കോഴികളെയാണ് ഇത്തരത്തിൽ കേരളത്തിലേക്ക് കടത്തുന്നത്. തുടർന്ന് ഇവിടെയുള്ള കോഴി കടക്കാർക്ക് കുറഞ്ഞ വിലയിൽ ഈ ചത്ത കോഴികളെ വിൽപ്പന നടത്തും. കച്ചവടക്കാർ പിന്നീട് ഈ കോഴികളെ വിലക്കുറവിൽ ഹോട്ടലുകളിലേക്കും കാറ്ററിങ് സ്ഥാപനങ്ങളിലേക്കും വിൽക്കുന്നതുമാണ് പതിവ്. ചൂട് കടുത്തതോടെയും മത്സ്യലഭ്യത കുറഞ്ഞതോടെയും കോഴിക്ക് വില ഉയർന്ന സാഹചര്യത്തിലാണ് ഇത്തരത്തിൽ ചത്ത കോഴികളെ പോലും കൊണ്ടുവന്ന് വിൽപ്പന നടത്തുന്നത്.

ബാലുശ്ശേരിയിൽ തമിഴ്നാട് രജിസ്ട്രേഷനിൽ ഉള്ള വാഹനത്തിൽ നിന്നും ചത്ത കോഴികളെ കണ്ടെത്തിയതിനെത്തുടർന്ന് നാട്ടുകാർ വാഹനം തടഞ്ഞു വയ്ക്കുകയും ആരോഗ്യവകുപ്പിനെയും പോലീസിനെയും വിവരമറിയിക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കു മുൻപ് കോഴിക്കോട് നടക്കാവിലും വില കുറച്ച് കോഴിയിറച്ചി വില്പന നടത്തിയിരുന്ന കടയിൽ നിന്നും ചത്ത കോഴികളെ കണ്ടെത്തിയിരുന്നു. തമിഴ്നാട്ടിൽ നിന്നും ചത്ത കോഴികളെ കേരളത്തിൽ കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് വില്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാനവ്യാപകമായി പ്രവർത്തിക്കുന്നുണ്ടെന്നും പരാതി ഉയരുന്നുണ്ട്.



# നാലാം ലോകകേരളസഭ: സംഘാടക സമിതി രൂപീകരിച്ചു

ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് ചേരുന്ന ലോകകേരളസഭയുടെ നാലാം സമ്മേളനത്തിന് നടത്തിപ്പിനായുള്ള സംഘാടക സമിതി രൂപീകരിച്ചു.

മന്ത്രിമാരായ ജി.ആർ അനിൽ, വി. ശിവൻകുട്ടി, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.വി അബ്ദുൾ ഖാദർ എന്നിവരാണ് രക്ഷാധികാരികൾ. സമിതിയുടെ ചെയർമാനായി ഇ.ടി ടൈയ്സൺ മാസ്റ്റർ എം.എൽ.എ യേയും വൈസ് ചെയർമാൻമാരായി സലീം പള്ളിവിള (പ്രവാസി കോൺഗ്രസ്സ്), ശ്രീകൃഷ്ണ പിള്ള (പ്രവാസി സംഘം), എം.നാസർ പൂവ്വച്ചൽ, കെ.പി മുഹമ്മദ് കുട്ടി എന്നിവരേയും കൺവീനറായും പ്രവാസി വെൽഫയർ ബോർഡ് ഡയറക്ടർ കെ. സി.സജീവ് തൈയ്ക്കാടിനെയും തിരഞ്ഞെടുത്തു. 25 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയേയും യോഗം തിരഞ്ഞെടുത്തു.

തൈയ്ക്കാട് ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ പി. നേർക്കറൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഇ.ടി ടൈയ്സൺ മാസ്റ്റർ എം. എൽ. എ മുഖ്യാതിഥിയായ യോഗത്തിൽ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇൻ-ചാർജ്ജ്) അജിത്ത് കോളശ്ശേരി, പ്രവാസി ക്ഷേമനിധി ബോർഡ് സി.ഇ.ഒ സഹീദ്, പ്രവാസി വെൽഫയർ ബോർഡ് ഡയറക്ടർ കെ. സി.സജീവ് തൈയ്ക്കാട് എന്നിവർ സംസാരിച്ചു.

സംസ്ഥാനത്തെ വിവിധ പ്രവാസി സംഘടനാ നേതാക്കളും പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു.

# കയ്യിൽ 40000 സിം കാർഡ്, 180 മൊബൈൽ ഫോണുകൾ; ഓൺലൈൻ തട്ടിപ്പിലെ മുഖ്യ കണ്ണിയെ പിടികൂടി മലപ്പുറം പൊലീസ്

നിരവധി ഓൺലൈൻ തട്ടിപ്പുകൾ നടത്തിയ സംഘത്തിലെ പ്രധാന കണ്ണി അബ്ദുൾ റോഷൻ പിടിയിലായി. ഇയാളുടെ പക്കൽ നിന്നും 40000 സിം കാർഡുകൾ, 150 മൊബൈൽ ഫോണുകൾ, ബയോമെട്രിക് സ്കാനറുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപയാണ് റോഷൻ തട്ടിയെടുത്തതെന്നാണ് വിവരം.

പൊലീസ് പിടിച്ചെടുത്തതിൽ നിലവിൽ ആക്റ്റീവായ 1500 സിം കാർഡുകളുണ്ട്. ഇതിന് പുറമെ ആക്ടീവാക്കാനുള്ള 2000 സിം കാർഡുകളും കണ്ടെത്തിയിട്ടുണ്ട്. ഒരു സിമ്മിന് 50 രൂപ വീതം വാങ്ങിയാണ് റോഷൻ സിം കാർഡ് നിക്ഷേപ തട്ടിപ്പ് സംഘത്തിന് നൽകിയതെന്നാണ് വിവരം. ഈ സിം കാർഡുകൾ ഇട്ടാൽ ഐഎംഇ നമ്പർ മാറ്റാൻ കഴിയുന്ന ചൈനീസ് ഫോണുകളും പിടിച്ചെടുത്തിട്ടുണ്ട്.കർണാടകയിലെ മടിക്കേരിയിൽ നിന്നാണ് ഇയാളെ അറസ്റ്റ് ചെയ്തതെന്ന് മലപ്പുറം എസ്പി എസ്.ശശിധരൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മടിക്കേരിയിൽ സ്വകാര്യ മൊബൈൽ കമ്പനിയുടെ വിതരണക്കാരനാണ് പ്രതി.

സംഘത്തിലെ മറ്റു പ്രതികളെ കുറിച്ച് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പ് നടത്തുന്ന സംഘത്തിന് സിം കാർഡ് നൽകുകയാണ് പ്രതി ചെയ്തതെന്ന് പൊലീസ് പറയുന്നു. മടിക്കേരി പൊലീസും ഇയാൾക്കെതിരെ തട്ടിപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മലപ്പുറം പൊലീസ് ഫേസ്ബുക്കിൽ കുറിച്ചത്**

വേങ്ങര സ്വദേശിയിൽ നിന്നും ഒരു കോടി എട്ടുലക്ഷം രൂപ ഓൺലൈൻ ട്രേഡിങ്ങിന്റെ പേരിൽ തട്ടിയെടുത്ത കേസിലെ പ്രതിയെ കർണാടകയിലെ മടിക്കേരിയിൽ നിന്നും മലപ്പുറം സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തു. തട്ടിപ്പ് സംഘത്തിന് സിംകാർഡുകൾ സംഘടിപ്പിച്ചു നൽകുന്ന കർണാടക പെരിയപ്പട്ടണ താലൂക്കിൽ ഹരാനഹള്ളി ഹോബ്ളി സ്വദേശി അബ്ദുൾ റോഷനെയാണ് മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ ഐപിഎസ് ന്റെ കീഴിൽ സൈബർ ഇൻസ്പെക്ടർ ഐ. സി ചിത്തരഞ്ജന്റെ നേതൃത്വത്തിലുള്ള പ്രത്യേക സൈബർ ക്രൈം സ്ക്വാഡ് അറസ്റ്റ് ചെയ്തത്.

വേങ്ങര സ്വദേശി ഫേസ്ബുക്കിൽ കണ്ട ഷെയർ മാർക്കറ്റ് സൈറ്റിന്റെ ലിങ്കിൽ ക്ലിക്ക് ചെയ്തതാണ് സംഭവങ്ങളുടെ തുടക്കം. തുടർന്ന് തട്ടിപ്പുകാർ ഷെയർ മാർക്കറ്റ് സൈറ്റിന്റെ കസ്റ്റമർ കെയർ എന്ന വ്യാജേന പരാതിക്കാരനെ ബന്ധപ്പെട്ട് വമ്പൻ ഓഫറുകൾ നൽകി വിവിധ അക്കൗണ്ടുകളിലായി പണം നിക്ഷേപിപ്പിക്കുകയായിരുന്നു. ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച സൈബർ ക്രൈം സ്ക്വാഡ് നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് സംഘത്തിന് സിംകാർഡുകൾ തരപ്പെടുത്തി നൽകുന്ന പ്രതിയെക്കുറിച്ച് വിവരം ലഭിച്ചത്. ഇയാളെ അറസ്റ്റ് ചെയ്ത സമയം നടത്തിയ പരിശോധനയിൽ നാൽപതിനായിരത്തോളം സിംകാർഡുകളും നൂറ്റി എൺപതിൽപരം മൊബൈൽ ഫോണുകളും ഇയാളുടെപക്കൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

ഇയാളുമായി ബന്ധമുള്ള മൊബൈൽ ഷോപ്പുകൾ പുതിയ സിം കാർഡ് എടുക്കാനെത്തുന്നവരുടെ ഫിംഗർ പ്രിന്റ് അവരറിയാതെ പല തവണകളായി ഉപയോഗിച്ച് വ്യാജ സിം കാർഡുകൾ ആക്ടിവേറ്റ് ചെയ്ത് ഇയാൾക്ക് സിംകാർഡ് ഒന്നിന് 50 രൂപ നിരക്കിൽ കൈമാറുകയാണ് പതിവ്. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന സിംകാർഡുകളാണ് ഇയാൾ തട്ടിപ്പുകൾക്കായി നൽകിയിരുന്നത്.സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ഹൌസ് ഓഫീസറായ പോലീസ് ഇൻസ്പെക്ടർ ഐ. സി ചിത്തരഞ്ജൻ, പ്രത്യേക ജില്ലാ സൈബർ സ്ക്വാഡ് അംഗങ്ങളായ സബ്ബ് ഇൻസ്പെക്ടർ നജിമുദ്ദീൻ മണ്ണിശ്ശേരി, സീനിയർ സിവിൽ പോലീസ് ഓഫീസർ ഷൈജൽ പടിപ്പുര, സിവിൽ പോലീസ് ഓഫീസർമാരായ ഇ. ജി പ്രദീപ്, ഷാഫി പന്ത്രാല, സീനിയർ സിവിൽ പോലീസ് ഓഫീസർ രാജരത്നം എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

# കോഴിക്കോട് ഐസ് ഒരതിക്ക് നിരോധനം

കോഴിക്കോട്: കോഴിക്കോട് കോർപറേഷൻ പരിധിയിൽ മഞ്ഞപ്പിത്തം അടക്കമുള്ള ജലജന്യരോഗങ്ങൾ പടരുന്നതിനാൽ ഐസ് ഒരതി കടച്ചവടം നിരോധിച്ചു. ഐസ് ഒരതി കച്ചവടം ഒരുമാസത്തേയ്ക്കാണ് നിരോധിച്ചത്. മധുരവും എരിവും കലർന്ന പാനീയങ്ങൾക്ക് കൂടുതൽ ആകർഷണം നൽകാനാണ് ചുരണ്ടി ഐസ്, ഐസ് അച്ചാർ എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്ന ഐസ് ഒരതിയും ചേർത്ത് നൽകുന്നത്.കോഴിക്കോടിന്റെ ബീച്ച് പ്രദേശങ്ങളിലാണ് ഐസ് ഒരതി കച്ചവടം വ്യാപകമായി നടക്കുന്നത്. ഇതിന് പുറമേ കരിമ്പിൻ ജ്യൂസ് കച്ചവടത്തിനും കോർപറേഷൻ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

# ഭണ്ഡാരം കുത്തിത്തുറന്ന് പണം കവർന്നു

കോഴിക്കോട്: ക്ഷേത്രത്തിൽ വൻ കവർച്ച. മലപ്പറമ്പ് മന്നത്തുകണ്ടി ഭഗവതി കാവിലാണ് മോഷണം നടന്നത്. ക്ഷേത്രത്തിലെ രണ്ട് ഭണ്ഡാരങ്ങളും ഓഫീസ് മുറിയിലെ അലമാരയും കുത്തിതുറന്നാണ് മോഷണം നടത്തിയത്. ഇന്നലെ രാത്രിയാണ് ക്ഷേത്രത്തിൽ മോഷണം നടന്നത്. ഇന്ന് പുലർച്ചെ പൂജാരി എത്തിയപ്പോഴാണ് മോഷണ വിവരം പുറത്തറിഞ്ഞത്.

ക്ഷേത്രത്തിന്റെ ഗേറ്റ് പൂട്ടിയ നിലയിൽ തന്നെയായിരുന്നു. ഭണ്ഡാരങ്ങൾ പൊളിച്ച നിലയിൽ കണ്ടെത്തിയതോടെയാണ് മോഷണം നടന്ന വിവരം വ്യക്തമായത്. 50,000 രൂപ, ഒരു ഉരുളി, പൂജാ സാധനങ്ങൾ, വിളക്ക് എന്നിവയാണ് മോഷണം പോയത്.

സംഭവത്തിൽ ചേവായൂർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# സ്പൈനൽ മസ്കുലർ അട്രോഫി മാറി നിന്നു മികച്ച നേട്ടം കൊയ്ത് സിയ മെഹറിൻ

കോഴിക്കോട്: സ്പൈനൽ മസ്കുലർ അട്രോഫി രോഗം ബാധിച്ച് ചികിത്സയിൽ കഴിയുകയായിരുന്ന സിയ മെഹറിന് പത്താംക്ലാസ് പരീക്ഷയിൽ മികച്ച നേട്ടം. കോഴിക്കോട് കുട്ടമ്പൂർ ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർഥിനിയായ സിയ അഞ്ച് വിഷയങ്ങളിലാണ് എ.എപ്ലസ് നേടിയത്. കഴിഞ്ഞ വർഷം മെയ് 25 നാണ് സിയക്ക് നട്ടെല്ല് നിവർത്തുന്ന സ്കോളിയോസിസ് സർജറി നടത്തിയത്. സംസ്ഥാനത്ത് ആദ്യമായിരുന്നു അത്തരത്തിലൊരു സർജറി നടത്തിയത്. ഫലം പുറത്ത് വന്നയുടൻ ആരോഗ്യ മന്ത്രി വീണ ജോർജ് ഫോണിൽ ആശംസകൾ അറിയിച്ചു.



# തിരുവനന്തപുരത്ത് യുവാവിനെ തലക്കടിച്ച് കൊന്നു

തിരുവനന്തപുരം: കരമനയിൽ കാറിലെത്തിയ സംഘം യുവാവിനെ തലക്കടിച്ചു കൊന്നു. കരമന സ്വദേശി അഖിൽ (26) ആണ് മരിച്ചത്.

കാറിലെത്തിയ സംഘം അഖിലിനെ കമ്പി വടി കൊണ്ടു തലക്കടിച്ച ശേഷം ശരീരത്തിൽ കല്ലെടുത്തിട്ട് കൊല്ലുകയായിരുന്നു. പ്രതികൾ ഇന്നോവയിൽ എത്തി അഖിലിനെ കയറ്റിക്കൊണ്ടു പോയി മർദ്ദിച്ച് റോഡിൽ ഉപേക്ഷിക്കുകയായിരുന്നു.

കരമന അനന്ദു വധക്കേസ് പ്രതി അനന്തു കൃഷ്ണന്റെ നേതൃത്വത്തിലാണു ആക്രമണം നടന്നതെന്നു പൊലീസ് പറയുന്നു. അഖിൽ മീൻ കച്ചവടക്കാരനാണ്. ഒരാഴ്ച മുൻപ ് ബാറിൽ വച്ചുണ്ടായ തർക്കമാണ് കൊലപാതകത്തിനു പിന്നിൽ.

## പാടുക കുയിലേ!

>>>>>>>>>>>>>>>>

പാടുക കുയിലേ! തവ മധുരം
പൊഴിയ്ക്കും രാഗസുധാരസം
ഭൂമിയെ പുളകിതമാക്കിടുന്നു
പ്രകൃതിക്കുസൗന്ദര്യമൂട്ടിടുന്നു.

മതിയെന്നു പറയില്ല! കേൾക്കും
മനമങ്ങാസ്വദിപ്പൂ,കണികാണും
മലരിന്റെ പുഞ്ചിരിയിൽ മാനസം
മുഖങ്ങളിൽ നിറയുമാഹ്ലാദവും.

കുയിലേ! പാട്ടിന്റെ ശ്രുതികളാരു
പഠിപ്പിച്ചു? തവ നാദശുദ്ധിയിൽ
അനുരാഗമൊഴുകും ആനന്ദമൊ-
ഴുകും അമൃതായിട്ട് സ്വരസുധയും.

അത്ഭുതമാ കരവിരുത് കാൺകെ
അജ്ഞാനിയാം മാനവരഹങ്കരിപ്പൂ
അടിപതറിവീഴുമ്പോഴും ജ്ഞാനം
അല്പംപോലുമില്ലയീ വിധാതാവിലും.

പാടാതിരിക്കാനാവില്ല കുയിലിനു
പകരുമായാന്തോളനം പ്രകൃതിയെ
പുകൾപെറ്റയറിയിപ്പിലാവോളവും
പാടിസ്തുതിപ്പൂ തവ കർമ്മശേഷി.

മാനവാ! കാണണം കേൾക്കണം
മനോജ്ഞമാം മധുരവാണിതൻ
മികവിൽ കുയിലോളമില്ല നമ്മൾ
മന്ത്രിക്കും നമുക്കേറിടും പാടവം.



**കെ. വിജയൻ നായർ (മുംബൈ)**

# സമാനതയില്ലാത്ത ഇതിഹാസമാണ് ഗാന്ധിസം: പി. വി. രാജഗോപാൽ

ചാവക്കാട്: സമാനതയില്ലാത്ത ഇതിഹാസമാണ് ഗാന്ധിസമെങ്കിലും ഇന്നാളിൽ ഗാന്ധിസം പ്രഘോഷിക്കുന്നത് ആപൽക്കരമായ ഒന്നായി മാറിയിരിക്കുന്നതായി നിവാനോ അന്താരാഷ്ട്ര സമാധാന പുരസ്കാര ജേതാവ് ഡോക്ടർ പി.വി. രാജഗോപാൽ അഭിപ്രായപ്പെട്ടു. ലക്ഷക്കണക്കായ സ്വാതന്ത്ര്യസമരസേനാനികൾ ജീവൻ ത്യജിച്ച് നേടിയെടുത്ത സ്വാതന്ത്ര്യം നിലനിറുത്തുന്നത് അടിസ്ഥാനവർഗ്ഗത്തിന് നീതി ഉറപ്പാക്കിക്കൊണ്ടാവണമെന്നും രാജാജി തുടർന്നു പറഞ്ഞു. ഏകതാ പരിഷത്ത് തൃശൂർ ജില്ലാകമ്മിറ്റി യോഗം ചാവക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജാജി. ഏകതാ പരിഷത്ത് തൃശൂർ ജില്ലാ കമ്മിറ്റി ജില്ലാടിസ്ഥാനത്തിൽ യു.പി,എച്.എസ്, എച്.എസ്.എസ്. തലത്തിൽ, ഗാന്ധി നേരിന്റെ നേർസാക്ഷ്യം എന്ന ശീർഷകത്തിൽ നടത്തുന്ന ഗാന്ധിസാഹിത്യ പ്രശ്നോത്തരിയുടെ ബ്രോഷർ ഡോ: പി.വി. രാജഗോപാൽ പ്രകാശനം ചെയ്തു.




ബദറുദ്ദീൻ ഗുരുവായൂർ അദ്ധ്യക്ഷതവഹിച്ചു. സംസ്ഥാന കൺവീനർ സന്തോഷ് മലമ്പുഴ, അജിത് മംഗളം, രമേഷ് മേത്തല, കെ.എ.ഗോവിന്ദൻ, ജോൺസൺ വി.ഐ,മഖ്സൂദ് പി.എം,ലീല പി.വി, മുഹമ്മദ് ബഷീർ, സുശീൽ അരവിന്ദ്, ഷെരീഫ പി, സംജാദ് കെ.വി, നാസർ എ.പി, എൻ.കെ.സുരേഷ്, ഷെബീർ ഡിജിമാക്സ് തുടങ്ങിയവർ പ്രസംഗിച്ചു.

പ്രശ്നോത്തരി അപ്പർ പ്രൈമറി തല ഉദ്ഘാടനം ജൂൺ 15ാം തിയതി ജി.യു.പി.എസ്. ഗുരുവായൂരിൽ നഗരസഭാദ്ധ്യക്ഷൻ എം കൃഷ്ണദാസ് നിർവ്വഹിക്കുമെന്ന് ബദറുദ്ദീൻ ഗുരുവായൂർ അറിയിച്ചു.

# അച്ചടക്ക ലംഘനത്തിന് കോൺഗ്രസിൽ നടപടി

കോഴിക്കോട്: കെപിസിസി അംഗം കെ വി സുബ്രഹ്മണ്യനെ കോൺഗ്രസിൽ നിന്ന് പുറത്താക്കി. ലോക്സഭ തെരഞ്ഞെടുപ്പിൽ കോഴിക്കോട് യുഡിഎഫ് സ്ഥാനാർത്ഥി എം കെ രാഘവനെതിരെ പ്രവർത്തിച്ചതായി പരാതി ഉയർന്നിരുന്നു. ഇദ്ദേഹത്തിനെതിരെ ഉൾപ്പെടെയാണ് കെപിസിസി നേതൃയോഗത്തിൽ എം കെ രാഘവൻ വിമർശനം ഉയർത്തിയത്. കോൺഗ്രസിൽ നിന്ന് നേരത്തെ സുബ്രഹ്മണ്യൻ രാജിവെച്ചിരുന്നു എന്നാണ് വിവരം.





# ജനതാദൾ എസ്സ് ബേപ്പൂർ മണ്ഡലം കൺവെൻഷൻ

കോഴിക്കോട് ജനതാദൾ എസ് ബേപ്പൂർ നിയോജകമണ്ഡലം കൺവെൻഷൻ ജില്ലാ വൈസ് പ്രസിഡണ്ട് അസീസ് മണലൊടി ഉദ്ഘാടനം ചെയ്തു മണ്ഡലം പ്രസിഡണ്ട് കളത്തിങ്കൽ ബീരാൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന കൺവെൻഷനിൽ പുതുതായി പാർട്ടിയിൽ ചേർന്നവർക്ക് ജനതാദൾ നേതാവ് പി ടി ആസാദ് പതാക നൽകി സ്വീകരിച്ചു. കെ ലൈല ,കെ സുനേന ' കെ പി ധന്യ എന്നിവർ സംസാരിച്ചു.

## ഇന്നത്തെ ചിന്താവിഷയം

>>>>>>>>>>>>>>>>>>>>>>

## അസൂയ ഞണ്ടുകളുടെ സ്വഭാവം. സ്വാർത്ഥതയും സ്വകാര്യതാല്പരതയും തമ്മിലുള്ള വ്യത്യാസം

വിഷയം നന്നായിട്ട് പ്രതിപാദിക്കുകയും ചെയ്തു. ദുഷിച്ച പ്രവണതകളിൽ അസൂയ മുൻ നിരയിൽ നിൽക്കുന്നു. അത് ഞണ്ടിനെപ്പോലെ സ്വഭാവവികൃതമാണ്. സ്വാർത്ഥതയുടെ വിളനിലമാണ്. സ്വയം രക്ഷപെടുകയുമില്ല. മറ്റുള്ളവരേക്കൂടി രക്ഷപെടാൻ അനുവദിക്കാറുമില്ല. മനുഷ്യരിൽ ചിലർക്ക് അസൂയ പിടിപെടാറുണ്ട്. പിടിപെട്ടാലത്തെ സ്ഥിതി അന്യർക്കു ദോഷം വരുത്തി വിനോദിക്കുകയും സ്വയം പടുകുഴിയിലേയ്ക്ക് ആണ്ടു പോകുകയും ചെയ്യുന്നു. അസൂയ അർബുദം പോലെ പടരുമ്പോൾ ദുഷിക്കുമ്പോൾ അവരുടെ പ്രവൃത്തികൾ കൊണ്ട് സമൂഹം പൊറുതിമുട്ടുന്നതു കാണാം. അസൂയ മഹാവ്യാധിയാണ്. അതുപോലെ സ്വാർത്ഥതയും സ്വകാര്യതാല്പരതയും മനുഷ്യനെ തെറ്റായി ചിന്തിക്കാനും പ്രവൃത്തിക്കാനും പ്രേരിപ്പിക്കുന്നു. അവരുടെ ലോകത്തിൽ അവരൊഴികെ മറ്റാരുമില്ല. മറ്റൊരാൾ വളരുന്നതോ സന്തോഷിക്കുന്നതോ നല്ലവണ്ണം ജീവിക്കുന്നതോ അവർക്കിഷ്ടപ്പെടുകയില്ല. അതു കൊണ്ടു തന്നെ അവർ അസൂയകളുടെ മൂർത്തീകരണമാകുകയും സമൂഹത്തിൽ ദോഷം സൃഷ്ടിക്കുകയും ചെയ്യുന്നു. കർമ്മപരമായ നല്ല പ്രവൃത്തികൾ അവരിൽ നിന്നും പ്രതീക്ഷിക്കാനാവില്ല. അതേ സമയം വഞ്ചിച്ചും ചതിച്ചും കുതികാൽ വെട്ടിയും അനീതികളിലൂടെ ജീവിക്കാനവർ ഇഷ്ടപ്പെടുന്നു. സ്വഭാവ വാസനയിലെ ഇത്തരം വൈരുദ്ധ്യങ്ങൾ സ്ഥാർത്ഥതയും സ്വകാര്യതാല്പരതയും മുന്നോട്ടു നയിക്കുമ്പോൾ സർവ്വാംഗ വിഷമായി അയാൾ അല്ലങ്കിൽ അവൾ മാറിയിരിക്കും. ദൈവവിശ്വാസമോ സത്യസന്ധതയോ നീതിനിഷ്ടയോ അവരിൽ കാണില്ല. സമൂഹത്തിലെ പുഴുക്കുത്തുകളായി ജീവിച്ചു മണ്ണടിയുന്നുവെന്നല്ലാതെ സമൂഹത്തിന് പ്രത്യേകമായിട്ട് ഒരു സംഭാവനയും ഇത്തരക്കാർ ചെയ്യുന്നില്ല. അതിനാൽ അവരെ തിരിച്ചറിയുന്ന മറ്റുള്ളവർ അസൂയാലുക്കളിൽ നിന്നും സ്വാർത്ഥ സ്വകാര്യതല്പരരിൽ നിന്നും അകലം പാലിക്കുക. അതു മാത്രമേ എന്റെ കണ്ണിൽ പോംവഴിയായിട്ടുള്ളു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്കാരം.

**രചന :-**
**കെ.വിജയൻ നായർ**
**ഉല്ലാസ് നഗർ (മുംബൈ)**

## ഇന്നത്തെ ഗാന്ധി ചിന്ത

### സമന്വയം



**കെപി മനോജ് മാസ്റ്റർ**

ഗാന്ധിയിലുണർത്തിയ സ്വാധീനങ്ങളുടെ പട്ടിക അപൂർണമാണ് .തന്റെ ജീവിതയാത്രയിൽ കണ്ടെത്തിയ നന്മകളെല്ലാം സ്വാംശീകരിക്കാൻ ഗാന്ധി സദാ ജാഗരൂഗ നായിരുന്നു. അതെല്ലാം ഒരു ബിന്ദുവിലേക്കാണ് സമന്വയിക്കുന്നത് .മനുഷ്യന്റെ അടിസ്ഥാന ചോദനകളും ആശയങ്ങളും തൃഷ്ണകളും വാസനകളും ഒന്നാണ്. മനുഷ്യന്റെ അടിസ്ഥാന പ്രകൃതം മാത്രമല്ല എവിടെയും ഒന്നായിരിക്കുന്നത്. ചരിത്രത്തിന്റെ നീണ്ട കാലയളവിലൂടെ കടന്നുപോകുമ്പോൾ ,നാം തിരിച്ചറിയുന്നു.പടിഞ്ഞാറിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു കിഴക്കൻ വീക്ഷണമില്ല. അതു കൊണ്ടു തന്നെ ഗാന്ധിയിലെ സ്വാധീനങ്ങളെ കിഴക്കെന്നും പടിഞ്ഞാറെന്നും വേർതിരിക്കുന്നത് ശരിയല്ല.

## സമരം ഒത്തുതീർപ്പായിട്ടും കാര്യമില്ല; കണ്ണൂരിൽ നിന്നുള്ള രണ്ട് എയർ ഇന്ത്യ എക്സ്പ്രസ് സർവീസുകൾ റദ്ദാക്കി

കൊച്ചി: ജീവനക്കാരുടെ സമരം ഒത്തുതീർപ്പായെങ്കിലും കണ്ണൂരിൽ നിന്നുള്ള എയർ ഇന്ത്യ എക്സ്പ്രസ് സർവീസുകൾ ഇന്നും മുടങ്ങി. ഇന്ന് പുറപ്പെടേണ്ട രണ്ട് സർവീസുകൾ റദ്ദാക്കിയതായി എയർ ഇന്ത്യ അധികൃതർ അറിയച്ചു.

പുലർച്ചെ 5.15ന് ദമാമിലേക്കും രാവിലെ 9.20ന് അബുദാബിയിലേക്കും പുറപ്പെടേണ്ട വിമാനങ്ങളാണ് റദ്ദാക്കിയത്. പുറപ്പെടാൻ മണിക്കൂറുകൾ ബാക്കിനിൽക്കെയാണ് വിമാനം റദ്ദാക്കിയതായി അറിയിപ്പ് വന്നത്. സമരം പിൻവലിച്ചെങ്കിലും സർവീസുകൾ പൂർണമായും സാധാരണ നിലയിലാകാത്തതാണ് വിമാനങ്ങൾ റദ്ദാക്കാൻ കാരണം.കരിപ്പൂരിൽ നിന്നുള്ള ആറും കണ്ണൂരിൽ നിന്നുള്ള അഞ്ചും നെടുമ്പാശേരിയിൽ നിന്ന് രണ്ടും സർവീസുകൾ ഇന്നും റദ്ദാക്കിയിരുന്നു.

## കൊവിഡിനേക്കാൾ മാരകം; മലപ്പുറം ജില്ലയിൽ രോഗം പടർന്ന് പിടിക്കുന്നു, മരണപ്പെട്ടത് നിരവധിപേർ

മലപ്പുറം: ജില്ലയിൽ വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് ഒരാൾ മരണപ്പെട്ടതായും രോഗത്തിനെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക അറിയിച്ചു. ചാലിയാർ പഞ്ചായത്തിലെ 41 വയസുള്ള പുരുഷനാണ് വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് ഇന്നലെ രാവിലെ മരണപ്പെട്ടത്.

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുമ്പോഴായിരുന്നു മരണം. മാർച്ച് 19ന് ഇദ്ദേഹത്തിന്റെ വീട്ടിലുള്ള ഒമ്പതു വയസുകാരിക്ക് വൈറൽ ഹെപ്പറ്റൈറ്റിസ് രോഗം സ്ഥിരീകരിച്ചിരുന്നു. തുടർന്ന് മെഡിക്കൽ ഓഫീസറും ആരോഗ്യപ്രവർത്തകരും വീട്ടിലെത്തി പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഏപ്രിൽ 22ന് ഈ വ്യക്തിക്ക് ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ വെച്ച് വൈറൽ ഹെപ്പറ്റൈറ്റിസ് രോഗബാധ സ്ഥിരീകരിക്കുകയും തുടർന്ന് 26ന് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

അവിടെ നിന്നും വിദഗ്ധ ചികിത്സയ്ക്കായി മഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് രോഗി പോവുകയുണ്ടായി. കരളിന്റെ പ്രവർത്തനം മോശമായതിനെ തുടർന്ന് അവിടെ നിന്നും രോഗിയെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയനാകുവാൻ ഇരിക്കവേ അണുബാധ ഉണ്ടാകുകയും ഇന്നലെ മരണപ്പെടുകയുമായിരുന്നു.

**രോഗം കൂടുന്നു**

ജില്ലയിൽ ഈ വർഷം ജനുവരി മുതൽ 3,184 സംശയാസ്പദമായ വൈറൽ ഹെപ്പറ്റൈറ്റിസ് കേസുകളും 1,032 സ്ഥിരീകരിച്ച കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ സംശയാസ്പദമായ അഞ്ച് മരണങ്ങളും സ്ഥിരീകരിച്ച അഞ്ച് മരണങ്ങളും ഉണ്ടായി. മാർച്ച് മാസത്തിൽ ഒരുമരണവും ഏപ്രിൽ മാസത്തിൽ നാല് മരണങ്ങളുമാണ് റിപ്പോർട്ട് ചെയ്തത്. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് പോത്തുകല്ല്, കുഴിമണ്ണ, ഒമാനൂർ, പൂക്കോട്ടൂർ, മൊറയൂർ , പെരുവള്ളൂർ എന്നീ പഞ്ചായത്തുകളിലും മലപ്പുറം നഗരസഭയിലുമാണ്.

**അവഗണിക്കരുത് ഈ ലക്ഷണങ്ങൾ**


വൈറസ് വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ജീവികളുണ്ടാക്കുന്ന രോഗമാണ് വൈറൽ ഹെപ്പറ്റൈറ്റിസ്. പനി, വിശപ്പില്ലായ്മ, ഓക്കാനം, ഛർദി, കണ്ണിനു മഞ്ഞ നിറം, മൂത്രത്തിന് മഞ്ഞനിറം തുടങ്ങിയവയാണ് സാധാരണ ലക്ഷണങ്ങൾ.

രോഗം ഗുരുതരമായാൽ കരളിന്റെ പ്രവർത്തനത്തിനെ ബാധിച്ച് മരണം വരെ സംഭവിക്കാം.



## നിർത്തിയിട്ട കാറിനു പിന്നിൽ ബൈക്ക് ഇടിച്ച് രണ്ട് യുവാക്കൾ മരിച്ചു

കണ്ണൂർ: നിർത്തിയിട്ട കാറിനു പിന്നിൽ ബൈക്ക് ഇടിച്ച് രണ്ട് യുവാക്കൾ മരിച്ചു. ചെറുകുന്ന് കൃസ്തുകുന്ന് സ്വദേശി കൊയിലേരിയൻ ജോയൽ ജോസഫ് (23), ചെറുകുന്ന് പാടിയിൽ നിരിച്ചൻ ജോമോൻ ഡൊമനിക്ക് (23) എന്നിവരാണ് മരിച്ചത്. പുലർച്ചെ 1.30 ന് തളിപ്പറമ്പ് നഗരത്തിന് സമീപം ദേശീയ പാതയിലായിരുന്നു അപകടം.ദേശീയപാതയുടെ അരികിൽ വീടിനു മുൻപിൽ നിർത്തിയിട്ട കാറിനു പിന്നിൽ ഇവർ സഞ്ചരിച്ച ബൈക്ക് ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ പത്ത് അടിയോളം മുന്നോട്ടു നീങ്ങിയ കാർ ഓവുചാലിലേക്ക് മറിഞ്ഞു. ബൈക്ക് ഓടിച്ചയാൾ യുവാക്കൾ സമീപത്തും പിറകിൽ സഞ്ചരിച്ച 25 അടിയോളം ദൂരത്തേക്കും തെറിച്ചു വീണു.



## ഗുരുവായൂർ ദേവസ്വത്തിലെ കൊമ്പൻ മുകുന്ദൻ ചരിഞ്ഞു

തൃശൂർ: ഗുരുവായൂർ ദേവസ്വത്തിലെ കൊമ്പൻ മുകുന്ദൻ ചരിഞ്ഞു. 55 വയസ്സായിരുന്നു. ഇന്ന് രാവിലെ 9:40ന് തെക്കേപ്പറമ്പിലെ കെട്ടുംതറിയിലായിരുന്നു അന്ത്യം. ദീർഘനാളായി ചികിത്സയിലായിരുന്നു.

കോഴിക്കോട് സാമൂതിരി രാജാ 1986 സെപ്റ്റംബർ എട്ടിനാണ് മുകുന്ദനെ ഗുരുവായൂർ ക്ഷേത്രത്തിൽ നടയിരുത്തിയത്. 2006 മുതൽ ഇടത്തെ പിൻകാൽ മടങ്ങാത്ത അവസ്ഥയിലായിരുന്നു. ഇതേ തുടർന്ന് മുകുന്ദനെ ആനത്താവളത്തിന് പുറത്തേക്ക് കൊണ്ടുപോകാറില്ല.

രണ്ടാഴ്ച മുമ്പ് തളർന്നു വീണ കൊമ്പനെ ക്രെയിൻ ഉപയോഗിച്ചാണ് എഴുന്നേൽപ്പിച്ചത്. ഇതിനുശേഷം തീർത്തും അവശനായിരുന്നു. മുകുന്ദന്റെ വിയോഗത്തോടെ ഗുരുവായൂർ ദേവസ്വത്തിലെ ആനകളുടെ എണ്ണം 38 ആയി ചുരുങ്ങി.

## ഇസ്രായേലുമായുള്ള ബന്ധം; കൊളംബിയ യൂയൂണിവേഴ്സിറ്റിക്കുള്ള എല്ലാ സാമ്പത്തിക സഹായവും നിർത്തിവെക്കുമെന്ന് പൂർവവിദ്യാർഥികൾ

ന്യൂയോർക്ക്: ഗസ്സയിൽ ഇസ്രായേൽ നടത്തുന്ന കൂട്ടക്കുരുതി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് അമേരിക്കൻ കാമ്പസുകളിലെല്ലാം വൻ വിദ്യാർഥി പ്രതിഷേധമാണ് നടന്നത്. രാജ്യത്തെ പ്രമുഖ സർവകലാശാലകളും കോളജുകളുമെല്ലാം ഏതാനും ദിവസങ്ങളായി പ്രതിഷേധച്ചൂടിലാണ്. വിവിധ കാമ്പസുകളിലായി 2500 ലധികം വിദ്യാർഥികൾ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ. ഏപ്രിൽ പകുതിയോടെയാണ് കൊളംബിയ യൂണിവേഴ്സിറ്റിയിൽ പ്രതിഷേധങ്ങൾക്ക് തുടക്കമായത്.

കൊളംബിയ യൂണിവേഴ്സിറ്റിക്ക് നൽകിവരുന്ന എല്ലാ സാമ്പത്തിക സഹായവും താൽക്കാലികമായി നിർത്തുന്നതായി പൂർവവിദ്യാർഥികൾ അറിയിച്ചു. 13 ആവശ്യങ്ങളാണ് വിദ്യാർഥികൾ മുന്നോട്ട് വെച്ചിരിക്കുന്നത്. ഈ ആവശ്യങ്ങൾ പൂർത്തിയാക്കുന്നത് വരെ യാതൊരുവിധ സാമ്പത്തിക സഹായവും നൽകില്ലെന്നും വിദ്യാർഥികൾ വ്യക്തമാക്കി. സർവകലാശാലയ്ക്ക് നൽകിവരുന്ന എല്ലാ സാമ്പത്തിക,അക്കാദമിക് പിന്തുണയും നിർത്തിവെക്കുന്നതായി വ്യക്തമാക്കുന്ന കത്തിലും പൂർവവിദ്യാർഥികൾ ഒപ്പുവെച്ചു.

ഇസ്രായേൽ സൈനിക അധിനിവേശത്തിൽ നിന്ന് പണം കണ്ടെത്തുകയോ ലാഭം നേടുന്നതോ ആയ സ്ഥാപനങ്ങളുമായി കൊളംബിയ യൂണിവേഴ്സിറ്റിക്ക് ബന്ധങ്ങളുണ്ട്. അതിനർഥം ഫലസ്തീനികളെ കൊലപ്പെടുത്തുന്നതിൽ സാമ്പത്തികമായും ധാർമികമായും കൊളംബിയ യൂണിവേഴ്സിറ്റിക്കും പങ്കുണ്ടെന്ന് യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റിനെയും ട്രസ്റ്റികളെയും അഭിസംബോധന ചെയ്യുന്ന കത്തിൽ പറയുന്നു.

1,600-ലധികം പൂർവ വിദ്യാർഥികളാണ് കത്തിൽ ഒപ്പിട്ടിരിക്കുന്നത്. കത്തിൽ ഒപ്പിടുന്നവരുടെ എണ്ണം അനുനിമിഷം വർധിച്ചുകൊണ്ടിരിക്കുകയാണ്. പുതുതായി ഒപ്പിട്ടവരുടെ എണ്ണം വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പൂർവവിദ്യാർഥികൾ കത്ത് പുറത്ത് വന്നതിന് പിന്നാലെ യൂണിവേഴ്സിറ്റിക്ക് ലഭിക്കേണ്ടിയിരുന്ന സംഭാവനയിൽ ഏകദേശം 41 മില്യന്റെ കുറവാണ് ഉണ്ടായിരിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ.

ഗസ്സ അധിനിവേശത്തിലും വംശഹത്യയിൽ നിന്നും ലാഭം നേടുന്ന കമ്പനികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കാമ്പസ് പൂർണമായും വിട്ടു നിൽക്കുക, ഗസ്സയിൽ സ്ഥിരമായ വെടിനിർത്തലിന് ആഹ്വാനം ചെയ്യുന്ന പ്രസ്താവന പുറത്തിറക്കുക, കാമ്പസിൽ പ്രക്ഷോഭം നടത്തിയ വിദ്യാർഥികൾക്കെതിരെ ചുമത്തിയ എല്ലാ കുറ്റങ്ങളും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളും കത്തിലുണ്ട്. കഴിഞ്ഞ വർഷം മാത്രം ട്യൂഷൻ ഫീസ് ഇനത്തിൽ 1.53 ബില്യൺ ഡോളറാണ് വിദ്യാർഥികൾ സർവകലാശാലക്കായി നൽകിയത്. ഈ പണമെല്ലാം എങ്ങോട്ടാണ് പോകുന്നത്,എന്തിനാണ് വിനിയോഗിക്കണമെന്ന് അറിയണമെന്നും കത്തിൽ ആവശ്യപ്പെടുന്നു. ന്യൂയോർക്ക് പൊലീസ് ഡിപ്പാർട്ട്മെന്റിന്റെ ക്രൂര മർദനത്തിന് ഇരയായ വിദ്യാർഥികൾക്കുള്ള എല്ലാ ചികിത്സാ സഹായവും യൂണിവേഴ്സിറ്റി നൽകണമെന്നും യൂണിവേഴ്സിറ്റി പ്രസിഡന്റ് സ്ഥാനത്ത് നിന്ന് നെമറ്റ് മിനോഷെ ഷാഫിയെ പുറത്താക്കണമെന്നും പൂർവ വിദ്യാർഥികൾ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.സർവകലാശാല ഫലസ്തീൻ ജീവിതത്തെയും വിമോചനത്തെയും പിന്തുണച്ച് ധീരമായി പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടാണ് പൂർവവിദ്യാർഥികളുടെ കത്ത് അവസാനിപ്പിക്കുന്നത്.

അതേസമയം,വിദ്യാർഥി പ്രക്ഷോഭം ആരംഭിച്ചതിന് പിന്നാലെ പൂർവിദ്യാർഥികൾ സംഭാവന നിർത്തിവെക്കുന്നത് ആദ്യമായല്ല. ന്യൂയോർക്ക് സർവകലാശാലയിൽ നൂറുക്കണക്കിന് പൂർവവിദ്യാർഥികൾ ഗസ്സയിൽ നടത്തുന്ന കൂട്ടക്കുരുതിക്കെതിരെ സമരം നടത്തുകയും മൂന്ന് മില്യണിലധികം മൂല്യമുള്ള സംഭാവനകൾ തടഞ്ഞുവയ്ക്കുമെന്ന് പ്രതിജ്ഞയെടുത്തിരുന്നു.ഇസ്രായേൽ അധിനിവേശത്തിനെതിരെ 45 സംസ്ഥാനങ്ങളിലായി 140 കാമ്പസുകളിൽ പ്രതിഷേധം നടക്കുന്നുണ്ടെന്നാണ് ബി.ബി.സി റിപ്പോർട്ട് ചെയ്യുന്നത്. പൊലീസിനെ ഉപയോഗിച്ച് സമരങ്ങളെ അടിച്ചമർത്താനാണ് മിക്ക കാമ്പസുകളിലും അധികൃതർ ചെയ്യുന്നത്. വിദ്യാർഥി പ്രതിഷേധം കനത്തതോടെ കൊളംബിയ സർവകലാശാലയിലെ മുഖ്യ ബിരുദദാന ചടങ്ങ് റദ്ദാക്കിയിരുന്നു. ഫലസ്തീനികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വിദ്യാർഥികളുടെ പ്രതിഷേധം തുടരാനുള്ള സാധ്യത മുന്നിൽകണ്ടാണ് സർവകലാശാലാ അധികൃതരുടെ തീരുമാനം. വിദ്യാർഥി പ്രതിഷേധം തടയാനും കാമ്പസിൽ സ്ഥാപിച്ച പ്രതിഷേധ ടെന്റുകൾ നീക്കം ചെയ്യാനും ന്യൂയോർക്ക് സിറ്റി പൊലീസിന്റെ സഹായം സർവകലാശാല തേടിയിരുന്നു .

മേയ് 15നായിരുന്നു മുൻ ബാച്ചിലെ വിദ്യാർഥികൾക്കുള്ള ബിരുദദാനവും പുതിയ വിദ്യാർഥികൾക്കുള്ള വരവേൽപ്പും നിശ്ചയിച്ചിരുന്നത്.

## പതിനഞ്ചുകാരിയെ കൂട്ടബലാത്സംഗം ചെയ്തു; സ്ത്രീയടക്കം മൂന്നുപേർക്കെതിരെ കേസ്

ബറേലി: ഉത്തർപ്രദേശിലെ ബറേലിയിൽ പതിനഞ്ചുകാരിയെ കൂട്ടബലാത്സംഗം ചെയ്തതായി പരാതി. സംഭവത്തിൽ സ്ത്രീ ഉൾപ്പടെ മൂന്നുപേർക്കെതിരെ കേസെടുത്തതായി പൊലീസ് അറിയിച്ചു. ഇവരെ പിടികൂടാനായി ശ്രമം നടക്കുകയാണ്. വ്യാഴാഴ്ച വൈകുന്നേരമാണ് പെൺകുട്ടിയെ വീട്ടിൽ നിന്ന് കാണാതായത്. വെള്ളിയാഴ്ചയാണ് ട്രാക്ടർ ട്രോളിക്കടിയിൽ കൈകളും കാലുകളും ബന്ധിച്ച നിലയിൽ പെൺകുട്ടിയെ വീട്ടുകാർ കണ്ടെത്തുന്നത്. പ്രതികളിലൊരാളായ സ്ത്രീ ഒരു പുരുഷനോട് ഫോണിൽ വിളിക്കാൻ ആവശ്യപ്പെട്ടിരുന്നതായി കുടുംബാംഗങ്ങൾ പൊലീസിൽ നൽകിയി പരാതിയിൽ പറയുന്നു.പ്രദേശവാസിയായ ഇയാൾ പെൺകുട്ടിയെ ആളൊഴിഞ്ഞ സ്ഥലത്തേക്ക് വിളിച്ചുവരുത്തുകയായിരുന്നു. തുടർന്ന് പ്രതികളായ രണ്ടു പുരുഷന്മാർ ചേർന്ന് പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്യുകയായിരുന്നെന്ന് സർക്കിൾ ഓഫീസർ ഗൗരവ് സിംഗ് പറഞ്ഞു. ബലാത്സംഗത്തിന് ശേഷം പ്രതികൾ രക്ഷപ്പെടുകയായിരുന്നു. പെൺകുട്ടി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് വീട്ടുകാർ പൊലീസിൽ പരാതി നൽകിയത്. കൂട്ടബലാത്സംഗത്തിനാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പീഡനത്തിനിരയായ പെൺകുട്ടി പ്രതികളായ സ്ത്രീയെയും പുരുഷന്മാരിൽ ഒരാളെയും തിരിച്ചറിഞ്ഞിട്ടുണ്ട്. മൂന്നാമത്തെ ആളെ തിരിച്ചറിയാനുള്ള ശ്രമത്തിലാണെന്നും മൂവരെയും ഉടൻ അറസ്റ്റ് ചെയ്യുമെന്നും പൊലീസ് അറിയിച്ചു.

## 'അമ്മയാവുന്നത് സ്വാഭാവിക പ്രക്രിയ'; പ്രസവാവധി നിഷേധിക്കാൻ തൊഴിൽദാതാവിനാവില്ല: ഹൈക്കോടതി

മുംബൈ: അമ്മയാവുക എന്നത് സ്വാഭാവിക പ്രതിഭാസമാണെന്നും, തൊഴിൽ ദാതാവ് അതു മനസ്സിലാക്കി വനിതാ ജീവനക്കാരോട് പരിഗണനാപൂർവം പെരുമാറേണ്ടതുണ്ടെന്നും ബോംബെ ഹൈക്കോടതി. മൂന്നാമതും ഗർഭിണിയായ ജീവനക്കാരിക്കു മറ്റേണിറ്റി ലീവ് നിഷേധിച്ച എയർപോർട്ട് അതോറിറ്റിയുടെ തീരുമാനം റദ്ദാക്കിയാണ് ഹൈക്കോടതി നിരീക്ഷണം.




സമൂഹത്തിൽ പാതി വരുന്ന സ്ത്രീകളോട് ആദരവോടെ പെരുമാറേണ്ടതുണ്ട്. ജീവിതമാർഗം കണ്ടെത്തുന്നതിനായി ജോലി ചെയ്യുന്ന അവരെ തൊഴിലിടങ്ങളിൽ അന്തസ്സോടെ പരിഗണിക്കണം- ജസ്റ്റിസുമാരായ എഎസ് ചന്ദുർക്കറും ജിതേന്ദ്ര ജയിനും അടങ്ങിയ ബെഞ്ച് പറഞ്ഞു. ജോലിയുടെ സ്വഭാവം എന്തുതന്നെയായാലും വനിതകൾക്ക് അർഹമായ ആനുകൂല്യം നൽകുക തന്നെ വേണമെന്ന് കോടതി വ്യക്തമാക്കി.

അമ്മയാവുക എന്നത് ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും സ്വാഭാവികമായ പ്രക്രിയണ്. കുഞ്ഞിനു ജന്മം നൽകുന്നതിന്, ജീവനക്കാരിക്ക് നൽകാവുന്ന സൗകര്യങ്ങൾ തൊഴിൽ ദാതാവ് പരിഗണനാപൂർവം നൽകണം. ജോലിക്കിടെ അവർക്കുണ്ടാവുന്ന ശാരീരിക വൈഷമ്യങ്ങൾ തൊഴിൽദാതാവ് മനസ്സിലാക്കേണ്ടതുണ്ട്- കോടതി പറഞ്ഞു.

രണ്ടു കുട്ടികൾ ഉണ്ടെന്നു ചൂണ്ടിക്കാട്ടി ജീവനക്കാരിയുടെ മറ്റേണിറ്റി ലീവ് നിഷേധിച്ച എഎഐ നടപടി ചോദ്യം ചെയ്താണ്, ജീവനക്കാരുടെ സംഘടന കോടതിയിൽ എത്തിയത്.

## ഊട്ടി പുഷ്പമേളയ്ക്ക് തുടക്കം; 10 ദിവസം നീണ്ടു നിൽക്കുന്ന പുഷ്പോത്സവം, പ്രത്യേക ബസ് സർവീസ്




ഗൂഡല്ലൂർ: വേനൽ ചൂടിൽ കുളിരു തേടി എത്തുന്ന സഞ്ചാരികൾക്ക് വിസ്മയമായി സസ്യോദ്യാനത്തിൽ 126-ാമത് ഊട്ടി പുഷ്പ മേളയ്ക്ക് തുടക്കമായി. പത്ത് ദിവസം നീണ്ടു നിൽക്കുന്ന പുഷ്പമഹോത്സവം മേയ് 20ന് അവസാനിക്കും. ഒരു ലക്ഷം കാർണീഷ്യം പൂക്കൾ കൊണ്ട് രൂപപ്പെടുത്തിയ ഊട്ടി പർവത തീവണ്ടിയുടെ മാതൃകയാണ് സഞ്ചാരികളെ ഏറെ ആകർഷിക്കുക.

ബംഗളൂരു, ഹൊസൂർ ഭാഗങ്ങളിൽ നിന്നാണ് മേളയിലേക്കുള്ള കാർണീഷ്യം പൂക്കൾ എത്തിച്ചിരിക്കുന്നത്.

ഏതാണ്ട് പത്ത് ലക്ഷത്തോളം പൂച്ചെടികളുടെ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. സസ്യോദ്യാനത്തിലെ പച്ചപുൽ മൈതാനമാണ് മറ്റൊരു ആകർഷണം.

ഇന്ത്യയിലെ തന്നെ ഏറ്റവും ആരാധകരുള്ള പുഷ്പമേളകളിലൊന്നാണ് ഊട്ടി പുഷ്പമേള. ഊട്ടിയിലെ വസന്തത്തിൻറെ വിസ്മയ കാഴ്ചകൾ ഒരുക്കുന്ന ഊട്ടി പുഷ്പമേളയ്ക്ക് നൂറു വർഷത്തിലധികം പഴക്കമുണ്ട്. 1896 ലാണ് ഊട്ടി പുഷ്പമേള ആദ്യമായി നടന്നത്.

നേരത്തെ മെയ് 17 മുതൽ അഞ്ച് ദിവസം നടത്താനിരുന്ന വാർഷിക പുഷ്പമേള പിന്നീട് മേയ് 10 മുതൽ നടത്താൻ തീരുമാനമാവുകയായിരുന്നു. ഓരോ വർഷവും ഓരോ തീം അടിസ്ഥാനത്തിലാണ് പുഷ്പമേള നടത്തുന്നത്. ഓൺലൈൻ ആയും ഓഫ്ലൈൻ ആയും ഊട്ടി പുഷ്പമേളയ്ക്ക് ടിക്കറ്റ് എടുക്കാം. ഹോർട്ടികൾച്ചർ വകുപ്പിൻറെ വെബ്സൈറ്റ് വഴിയാണ് ഓൺലൈൻ ടിക്കറ്റ് ലഭിക്കുക. ടിക്കറ്റ് കൗണ്ടറുകളിൽ നിന്ന് നേരിട്ടും എടുക്കാം. മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 30 രൂപയും ആണ് ടിക്കറ്റ് നിരക്ക്.

ഊട്ടി സന്ദർശനത്തിന് ഇ-പാസ് ഏർപ്പെടുത്തുന്നതും ഊട്ടി പുഷ്പമേളയുടെ തിരക്കും കണക്കിലെടുത്ത് കോയമ്പത്തൂരിൽ നിന്ന് ഊട്ടിയിലേക്ക് പ്രത്യേക ബസുകൾ സർവീസ് നടത്തും.

നിലവിൽ കോയമ്പത്തൂർ-ഊട്ടി റൂട്ടിൽ സർവീസ് നടത്തുന്ന 80 ബസുകൾക്ക് പുറമെ മെയ് 10 മുതൽ കോയമ്പത്തൂരിൽ നിന്നും ഊട്ടിയിലേക്ക് 25 സ്പെഷ്യൽ ബസുകൾ സർവീസ് നടത്തും.

## 11 മണിക്കൂർ നീണ്ട ഏറ്റുമുട്ടൽ, ഛത്തീസ്ഗഢിൽ 12 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു

റായ്പൂർ: സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെട്ടു. ഛത്തീസ്ഗഢിലെ ഗംഗളൂർ മേഖലയിലെ പിഡിയ ഗ്രാമത്തിന് സമീപമാണ് വെള്ളിയാഴ്ച ഏറ്റുമുട്ടലുണ്ടായത്. ഏറ്റുമുട്ടൽ നടന്ന സ്ഥലത്ത് നിന്ന് ഇതുവരെ 12 മാവോയിസ്റ്റുകളുടെ മൃതദേഹങ്ങൾ കണ്ടെടുത്തതായി ദന്തേവാഡ എസ്പി ഗൗരവ് റായ് സ്ഥിരീകരിച്ചു.സുരക്ഷാ സേനയ്ക്കും ഓപ്പറേഷനിൽ ഏർപ്പെട്ട ഉദ്യോഗസ്ഥർക്കും എസ്പി ഗൗരവ് റായ് ആശംസകൾ അറിയിച്ചു. ജവാൻമാർ സുരക്ഷിതരാണെന്നും ആക്രമണം ശക്തമായിരുന്നെന്നും പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു. ഏപ്രിൽ 16 ന് കാങ്കർ ജില്ലയിൽ നടന്ന ഏറ്റുമുട്ടലിൽ സുരക്ഷാ സേന 29 മാവോയിസ്റ്റുകളെ വധിച്ചിരുന്നു. നാരായൺപൂർ ജില്ലയിലെ അബുജ്മർ മേഖലയിൽ നടന്ന മറ്റൊരു ഏറ്റുമുട്ടലിൽ പത്ത് മാവോയിസ്റ്റുകളും കൊല്ലപ്പെട്ടിരുന്നു.

## വേനൽക്കാല ഊർജ സംരക്ഷണ കാമ്പയിൻ

കോഴിക്കോട് : സംസ്ഥാന വൈദ്യുതി ബോർഡ്, എനർജി മാനേജ്മെന്റ് സെന്റർ - കേരള, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്നിവയുടെ നേതൃത്വത്തിൽ അത്താണിക്കൽ പ്രോഗ്രസീവ് ഗ്രന്ഥാലയുമായി സഹകരിച്ച് കാളാണ്ടിത്താഴം ദർശനം സാംസ്കാരികവേദി ഊർജ കിരൺ കാമ്പയിൻ സംഘടിപ്പിച്ചു. പ്രോഗ്രസീവ് ഗ്രന്ഥശാലയിൽ നടന്ന വേനൽക്കാല ഊർജ സംരക്ഷണ പ്രചാരണം തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്തു. 72 ആം വാർഡ് കൗൺസിലർ എം കെ മഹേഷ് അധ്യക്ഷനായി. കോഴിക്കോട് താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി സുരേഷ് ബാബു, കെ എസ് ഇ ബി വെസ്റ്റ് ഹിൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രജനി പി.നായർ, നെസ്റ്റ് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ പി മോഹൻദാസ്, ലൈബ്രറി പ്രസിഡന്റ് കെ പവിത്രൻ, സെക്രട്ടറി ഐ ദിനേശൻ എന്നിവർ പ്രസംഗിച്ചു. 'ആഗോളതാപന കാലത്ത് ഊർജപ്രതിസന്ധി, എങ്ങനെ പ്രതിരോധിക്കാം' എന്ന വിഷയത്തിൽ വടകര നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഡി ദ്വിപിൻദാസ് മുഖ്യപ്രഭാഷണം നടത്തി. മുൻ കോർപ്പറേഷൻ കൗൺസിലർ ആശാ ശശാങ്കൻ, എ ഡി എസ് ചെയർപേഴ്സൺ ടി സജിത എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കോർപ്പറേഷൻ നോർത്ത് സി ഡി എസ് മെമ്പർ പി ആർ ഷിജു സ്വാഗതവും ദർശനം പരിസ്ഥിതി വേദി കൺവീനർ പി ബാബു ദാസ് നന്ദിയും പറഞ്ഞു.



**വേനൽക്കാല ഊർജ സംരക്ഷണ കാമ്പയിൻ അത്താണിക്കൽ പ്രോഗ്രസീവ് ഗ്രന്ഥശാലയിൽ തോട്ടത്തിൽ രവീന്ദ്രൻ എം എൽ** എ ഉദ്ഘാടനം ചെയ്യുന്നു.

## ഡൽഹിയിൽ ശക്തമായ പൊടിക്കാറ്റ്; നാശനഷ്ടം, ഒമ്പത് വിമാനങ്ങൾ വഴിതിരിച്ചുവിട്ടു

ന്യൂഡൽഹി: ഡൽഹിയിൽ ശക്തമായ പൊടിക്കാറ്റിനെ തുടർന്ന് നാശനഷ്ടം. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നേരിയ മഴയും ലഭിച്ചു. രാത്രി 9 മണിക്കും 11 മണിക്കും ഇടയിലുണ്ടായ കാറ്റിൽ ചില വീടുകളുടെ മേൽക്കൂരകൾക്ക് കേടുപാടുകൾ സംഭവിച്ചു. മണിക്കൂറിൽ 70 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ ഇന്നലെ തന്നെ അധികൃതർ മുന്നറിയിപ്പ് നൽകിയിരുന്നു.

കൊണാക്ക് പ്ലേസിൽ നിർത്തിയിട്ടിരുന്ന വാഹനങ്ങളുടെ മുകളിലേക്ക് മരം കടപുഴകി വീണു. മരങ്ങൾ കടപുഴകി വീണതിനെ കുറിച്ച് 60 കോളുകൾ ലഭിച്ചതായും വീട് തകർന്നതും മതിൽ ഇടിഞ്ഞതുമായി ബന്ധപ്പെട്ട 22 കോളുകൾ ലഭിച്ചതായും ഡൽഹി പൊലീസിന് അറിയിച്ചു. കാറ്റിൽ സഹായം ആവശ്യപ്പെട്ട് അഗ്നിശമന സേനയ്ക്ക് അമ്പതോളം കോളുകൾ ലഭിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു. കൊടുങ്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങളോ മരണങ്ങളോ പരിക്കുകളോ സംബന്ധിച്ച് കൃത്യമായ അറിവില്ലെന്നും പൊലീസ് അറിയിച്ചു.ശക്തമായ പൊടിക്കാറ്റ് വിമാനം വഴിതിരിച്ചുവിടുന്നതിനും കാരണമായി, കുറഞ്ഞത് ഒമ്പത് വിമാനങ്ങളെങ്കിലും ജയ്പൂരിലേക്ക് വഴിതിരിച്ചുവിട്ടതായി വിമാനത്താവള അധികൃതർ അറിയിച്ചു. ഇന്നലെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മോശം കാലാസ്ഥയുണ്ടായേക്കുമെന്ന് യെല്ലോ അലേർട്ട് പുറപ്പെടുവിച്ചിരുന്നു. എന്നാൽ രാത്രി 8 മണിയോടെ അത് ഓറഞ്ച് അലർട്ടാക്കിയിരുന്നു.



രാത്രി 9 മണിയോടെയാണ് കൊടുങ്കാറ്റ് ആരംഭിച്ചത്, രാത്രി 10 മണിക്ക് ഉജ്വയിൽ 77 കിലോമീറ്റർ വേഗതയിലും പ്രഗതി മൈതാനിൽ 63 കിലോമീറ്റർ വേഗതയിലും ലോധി റോഡിൽ 61 കിലോമീറ്റർ വേഗതയിലും കാറ്റ് വീശിയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# ദോഹ ഡയമണ്ട് ലീഗിൽ നീരജ് ചോപ്രക്ക് വെള്ളി; സ്വർണം നഷ്ടമായത് നേരിയ വ്യത്യാസത്തിൽ

ഖത്തർ: ദോഹ ഡയമണ്ട് ലീഗിൽ ഇന്ത്യയുടെ നീരജ് ചോപ്രക്ക് വെള്ളി. അഞ്ചാമത്തെയും അവസാനത്തെയും ത്രോയിൽ 88.36 മീറ്റർ ദൂരം കണ്ടെത്തിയാണ് നീരജ് വെള്ളി മെഡൽ അണിഞ്ഞത്. വെറും 0.02 മീറ്ററിനാണ് ഇന്ത്യൻ സൂപ്പർ താരത്തിന് ഒന്നാംസ്ഥാനം നഷ്ടമായത്.

സീസണിലെ മികച്ച ദൂരം കണ്ടെത്തിയ ചോപ്ര തന്റെ സ്വപ്ന ദൂരമായ 90 മീറ്ററിലേക്ക് ജാവലിൻ എത്തിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.



നിലവിലെ ചാമ്പ്യൻ ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാഡ്ലെച്ച് 88.38 മീറ്റർ ദൂരമെറിഞ്ഞ് ഒന്നാമതെത്തി. ഗ്രനാഡയുടെ ആൻഡേഴ്സൻ പീറ്റേഴ്സ് 86.62 മീറ്ററോടെ മൂന്നാമതുമെത്തി.

ഏറെ കാലത്തെ ഇടവേളയ്ക്കൊടുവിലാണ് നീരജ് ചോപ്ര മത്സരിക്കാനിറങ്ങിയത്.

നീരജിനൊപ്പം ഇന്ത്യയുടെ കിഷോർ ജനെയും ദോഹ ഡയമണ്ട് ലീഗിലെ പുരുഷ ജാവലിനിൽ മത്സരിച്ചെങ്കിലും നിരാശനായി മടങ്ങി. 76.31 മീറ്റർ ആണ് കിഷോറിന് കണ്ടെത്താനായ മികച്ച ദൂരം.

ഒഡീഷയിൽ വെച്ച് നടക്കുന്ന ഫെഡറേഷൻ കപ്പിലും നീരജ് ചോപ്ര പങ്കെടുക്കും.

# പി എസ് ജി വിടും എന്ന് പ്രഖ്യാപിച്ച് എംബപ്പെ

അവസാനം എംബപ്പെ പി എസ് ജി വിടും എന്ന കാര്യം ഉറപ്പായി. പി എസ് ജിയോടും ആരാധകരോടും എംബപ്പെ തന്നെ താൻ ക്ലബ് വിടും എന്ന് ഇന്ന് ഔദ്യോഗികമായി അറിയിച്ചു.

ഒരു വീഡിയീയിലൂടെ ആണ് എംബപ്പെ താൻ ക്ലബ് വിടുക ആണെന്നത് പ്രഖ്യാപിച്ചത്. ഈ സീസൺ അവസാനം എംബപ്പെയുടെ കരാർ അവസാനിക്കും. അതോടെ ഫ്രീ ഏജന്റായി താരം ക്ലബ് വിടും. എന്നാൽ ഇപ്പോഴും എംബപ്പെയുടെ അടുത്ത ക്ലബ് ഏതാകും എന്ന് വ്യക്തമല്ല.



റയൽ മാഡ്രിഡും എംബപ്പെയും ചർച്ചകൾ ആരംഭിച്ചതായാണ് റിപ്പോർട്ടുകൾ. അവസാന മൂന്ന് സീസണുകളിലായി എംബപ്പെയെ സ്വന്തമാക്കാൻ റയൽ മാഡ്രിഡ് ശ്രമിക്കുന്നുണ്ട്. ഒരു സീസൺ മുമ്പ് എംബപ്പെയെ സ്വന്തമാക്കുന്നതിന് വളരെ അടുത്ത് റയൽ മാഡ്രിഡ് എത്തിയിരുന്നു എന്നാൽ അവസാനം ആരെയും ഞെട്ടിക്കുന്ന കരാർ നൽകി പി എസ് ജി എംബപ്പെയെ രണ്ട് സീസൺ കൂടെ ക്ലബിൽ നിലനിർത്തി.

പക്ഷെ പി എസ് ജിയിൽ നിൽക്കുന്നത് ഒരു വലിയ താരമായി മാറാൻ തനിക്ക് ആകാതെ പോകാൻ കാരണമാകുന്നു എന്ന് മനസ്സിലാക്കിയ എംബപ്പെ ഇത്തവണ ഫ്രഞ്ച് ലീഗ് തന്നെ വിടാൻ തീരുമാനിച്ചു.


ഇനി എംബപ്പെ എവിടേക്ക് എന്നതാകും വരും ദിവസങ്ങളിലെ ചർച്ച.

ഈ ഞായറാഴ്ച എംബപ്പെയ്ക്ക് ഔദ്യോഗിക യാത്രയയപ്പ് പി എസ് ജു നൽകും.

# മുംബൈ സിറ്റിയെ ഐഎസ്എൽ ചാമ്പ്യന്മാരാക്കിയ കോച്ചിന് പുതിയ കരാർ

ഇന്ത്യൻ സൂപ്പർ ലീഗ് (ഐ എസ്എൽ) കിരീടം നേടിയതിനു പിന്നാലെ മുംബൈ സിറ്റി അവരുടെ പരിശീലകൻ പീറ്റർ ക്രാറ്റ്കിയുടെ കരാർ നീട്ടി. ഒരു വർഷം നീളുന്ന പുതിയ കരാറുൽ ക്രാറ്റ്കി ഒപ്പുവെച്ചതായി ക്ലബ് അറിയിച്ചു. ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള, 42 കാരൻ 2023 ഡിസംബറിൽ, സീസണിന്റെ മധ്യത്തിൽ, ആയിരുന്നു മുംബൈയുടെ പരിശീലകനായി എത്തിയത്.

അദ്ദേഹം 23 മത്സരങ്ങളിൽ ടീമിനെ പരിശീലിപ്പിച്ചു. ഒരു



ഐ എസ് എൽ കിരീടവും നേടിക്കൊടുത്തു. 16 വിജയവും മൂന്ന് സമനിലയും 4 തോൽവിയുമാണ് അദ്ദേഹത്തിന് ഈ സീസണിൽ ഉള്ളത്. ക്രാറ്റ്കിയുടെ കീഴിൽ, ഐഎസ്എല്ലിന്റെ ലീഗ് ഘട്ടത്തിൽ (47 പോയിന്റ്) തങ്ങളുടെ എക്കാലത്തെയും ഉയർന്ന പോയിന്റുകൾ രേഖപ്പെടുത്താൻ മുംബൈക്ക് ആയിരുന്നു. ക്രാറ്റ്കി ഏറ്റെടുത്തതിനുശേഷം, ഐഎസ്എല്ലിൽ മുംബൈ നേടിയ ഗോളുകളിൽ 62%-ലധികവും ഇന്ത്യക്കാരാണ് സ്കോർ ചെയ്തത്.

# ചെന്നൈ സൂപ്പർ കിങ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 35 റൺസ് വിജയം

അഹമ്മദാബാദ്: ഐപിഎല്ലിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 35 റൺസ് വിജയം. ഗുജറാത്ത് ഉയർത്തിയ 232 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈക്ക് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 196 റൺസ് നേടാനെ കഴിഞ്ഞുള്ളു.


മറുപടി ബാറ്റിങ്ങിൽ ചെന്നൈക്ക് വേണ്ടി ഡാരിൽ മിച്ചലും (34 പന്തിൽ 63) മൊയിൻ അലിയും (36 പന്തിൽ 56) പൊരുതി യെങ്കിലും വിജയത്തിലെത്തിയില്ല. അവസാന ഓവറുകളിലെത്തി തകർത്തുകളിക്കുന്ന ധോണി ഇന്നും ഗാലറിയെ ആവേശത്തിലാഴ്ത്തി. 11പന്തിൽ മൂന്ന് സിക്സും ഒരു ഫോറും സഹിതം 26 റൺസുമായി പുറത്താവാതെ നിന്നു.മുൻനിര താരങ്ങളെ തുടക്കത്തിൽ തന്നെ നഷ്ടമായതാണ് ചെന്നൈ സൂപ്പർ കിങ്സിനു തിരിച്ചടിയായത്. ഓപ്പണർമാരായ അജിൻക്യ രഹാനെ (ഒന്ന്), രചിൻ രവീന്ദ്ര (ഒന്ന്), ക്യാപ്റ്റൻ ഋതുരാജ് ഗെയ്ക്വാദ് (പൂജ്യം) എന്നിവർക്കു തിളങ്ങാൻ സാധിച്ചില്ല. പവർപ്ലേയിൽ മൂന്നു വിക്കറ്റ് നഷ്ടമായ ചെന്നൈയെ ഡാരിൽ മിച്ചലും മൊയീൻ അലിയും ചേർന്നാ



ണു നൂറു കടത്തിയത്. ശിവം ദുബെ (13 പന്തിൽ 21), രവീന്ദ്ര ജഡേജ (10 പന്തിൽ 18), എന്നിവരാണ് ചെന്നൈയുടെ മറ്റു പ്രധാന സ്കോറർമാർ. ഗുജറാത്തിനായി മോഹിത് ശർമ മൂന്നും റാഷിദ് ഖാൻ രണ്ടും വിക്കറ്റുകൾ വീഴ്ത്തി.ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിന് ഇറങ്ങിയ ഗുജറാത്ത് 20 ഓവറിൽ മൂന്നു വിക്കറ്റ് നഷ്ടത്തിൽ 231 റൺസാണു നേടിയത്. ശുഭ്മൻ ഗിൽ 55 പന്തിൽ 104 റൺസും സായ് സുദർശൻ 51 പന്തിൽ 103 റൺസുമെടുത്തു പുറത്തായി. ഗിൽ ആറു സിക്സും ഒൻപതു ഫോറുകളും ബൗണ്ടറി കടത്തിയപ്പോൾ, സായ് ഏഴു സിക്സും അഞ്ച് ഫോറുകളും നേടി. മികച്ച തുടക്കമാണ് ഇരു താരങ്ങളും ചേർന്നു ഗുജറാത്തിനു നൽകിയത്. 50 പന്തുകളിലാണ് ഇരുവരും 100 തൊട്ടത്. 16.2 (98 പന്തുകൾ) ഓവറുകളിൽ സ്കോർ 200 കടന്നു.12 മത്സരങ്ങൾ പൂർത്തിയാക്കിയ ഗുജറാത്തിന്റെ അഞ്ചാം വിജയമാണിത്. ജയത്തോടെ പത്ത് പോയിന്റുമായി ഗുജറാത്ത് എട്ടാം സ്ഥാനത്തേക്കു കയറി. ആറാം തോൽവി വഴങ്ങിയെങ്കിലും ചെന്നൈ സൂപ്പർ കിങ്സ് പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്തുണ്ട്.

# 'ധോണി ലോകത്ത് ഏത് സ്റ്റേഡിയത്തിൽ ഇറങ്ങിയാലും ഈ സ്നേഹം ലഭിക്കും, ഇത് അത്ഭുതമാണ്' – റാഷിദ് ഖാൻ

ധോണിക്ക് ജനങ്ങൾ നൽകുന്ന സ്നേഹം അത്ഭുതകരമാണെന്ന് അഫ്ഗാനിസ്താൻ താരം റാഷിദ് ഖാൻ. ഇന്നലെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ സിഎസ്കെയ്ക്കെതിരായ ഗുജറാത്തിന്റെ മത്സരത്തിന് ശേഷം സംസാരിക്കുക ആയിരുന്നു റാഷിദ് ഖാൻ. ഇന്നലെ ചെന്നൈ തോറ്റു എങ്കിലും ധോണി പവർ ഹിറ്റിംഗുമായി ആരാധകർക്ക് വിരുന്ന് ഒരുക്കിയിരുന്നു. റാഷിദ് ഖാനെ തുടർച്ചയായി രണ്ട് സിക്സും



ധോണി അടിച്ചു.

ആരാധകർക്കിടയിലും കളിക്കാർക്കിടയിലും ധോണി സൃഷ്ടിച്ച സ്വാധീനത്തെ റാഷിദ് പ്രശംസിച്ചു. ധോണിക്ക് ഒപ്പം കളിക്കുന്ന കളിക്കാർ ഭാഗ്യവാന്മാരാണെന്നും ഈ അനുഭവങ്ങളുടെ ഒരു പങ്ക് അവർക്ക് കിട്ടുന്നുണ്ടെന്നും അഫ്ഗാൻ സ്പിന്നർ പറഞ്ഞു.'ധോണി ഒരിക്കൽ ലോകത്തെവിടെയുമുള്ള സ്റ്റേഡിയത്തിൽ വന്നാലും, അദ്ദേഹത്തിന് വേറെ ലെവൽ സ്നേഹമാണ് ലഭിക്കുന്നത്.

അദ്ദേഹത്തോടൊപ്പം കളിക്കാൻ കഴിയുന്ന ഞങ്ങൾ ഭാഗ്യവാനാണ്, അത്തരം നിമിഷങ്ങളിൽ ഞങ്ങൾക്ക് ഭാഗമാകാനും പങ്കുപറ്റാനും സാധിക്കുന്നു" റാഷിദ് പറഞ്ഞു.



## ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ചു; ബ്രിജ്ഭൂഷനെതിരെ ചുമത്തി


ന്യൂഡൽഹി: വനിതാ ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ ദേശീയ ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷനും ബിജെപി എംപിയുമായ ബ്രിജ്ഭൂഷൻ ശരൺ സിങിനെതിരെ ഡൽഹി കോടതി കുറ്റം ചുമത്തി. ഡൽഹിയിലെ റോസ് അവന്യൂ കോടതിയാണ് കുറ്റം ചുമത്തിയത്.

ആറ് വനിതാ താരങ്ങളാണ് ബ്രിജ്ഭൂഷനെതിരെ പരാതി നൽകിയത്. ഇതിൽ അഞ്ച് താരങ്ങളുടെ പരാതിയിലാണ് കുറ്റം ചുമത്തിയത്. ഒരാളുടെ പരാതിയിൽ ബ്രിജ്ഭൂഷനെ വെറുതെ വിട്ടു.സ്ത്രീത്വത്തെ അപമാനിച്ചെന്ന കുറ്റത്തിലാണ് കേസ്. മതയിയാ വസ്തുതകൾ കേസിൽ കണ്ടെത്തിയതായി കോടതി വ്യക്തമാക്കി. പിന്നാലെയാണ് കുറ്റം ചുമത്തി ഉത്തരവിറക്കിയത്.കേസിൽ 1599 പേജുള്ള കുറ്റപത്രമാണ് ഡൽഹി പൊലീസ് സമർപ്പിച്ചത്. 44 സാക്ഷികളെ വിസ്തരിച്ചു.

# കോപ്പ അമേരിക്കക്കുള്ള ബ്രസീൽ ടീമിനെ പ്രഖ്യാപിച്ചു

കാൽമുട്ടിലെ ലിഗമെന്റ് ശസ്ത്രക്രിയക്ക് ശേഷം നെയ്മർ വിശ്രമത്തിലാണ്. ഒക്ടോബറിൽ കാലിന് പരിക്കേറ്റ ശേഷം നെയ്മർ കളിച്ചിട്ടില്ലെന്നും ജൂൺ 20ന് യുഎസിൽ നടക്കുന്ന ടൂർണമെന്റിൽ താരത്തിന് ഫിറ്റ്നസ് ലഭിക്കാനുള്ള സാധ്യത കുറവാണെന്നുമാണ് റിപ്പോർട്ടുകൾ.

പല പ്രധാന താരങ്ങളേയും ഒഴിവാക്കിയാണ് കോച്ച് ഡോറിവൽ ജൂനിയർ 23 അംഗ സ്ക്വാഡിനെ പ്രഖ്യാപിച്ചത്. ടോട്ടനം സ്ട്രൈക്കർ റിച്ചാർലിസൺ, ആഴ്സണൽ സ്ട്രൈക്കർ ഗബ്രിയേൽ ജെസ്യൂസ്, മാഞ്ചെസ്റ്റർ യുണൈറ്റഡ് താരങ്ങളായ കസെമിറോ, ആന്റണി എന്നിവരും ടീമിലില്ല. പാൽമിറാസിന്റെ 17-കാരനായ സ്ട്രൈക്കർ എൻ



ഡ്രിക്ക് ടീമിലിടംപിടിച്ചിട്ടുണ്ട്.

ഗോൾകീപ്പർമാർ: അലിസൺ (ലിവർപൂൾ), ബെന്റോ (അത്ലറ്റിക്കോ), എഡേഴ്സൺ (മാഞ്ചെസ്റ്റർ സിറ്റി)

ഡിഫൻഡർമാർ: ബെറാൾഡോ (പിഎസ്ജി), മിലിറ്റാവോ (റയൽ മാഡ്രിഡ്), ഗബ്രിയേൽ (ആഴ്സനൽ), മാർക്വിന്യോസ് (പിഎസ്ജി), ഡാനിലോ (യുവന്റസ്), കുട്ടോ (ജിറോണ), അരാമ (അത്ലറ്റിക്കോ), വെൻഡെൽ (പോർട്ടോ)


മിഡ്ഫീൽഡർമാർ: പെരെയ്ര (ഫുൾഹാം), ഗിമാരേസ് (ന്യൂകാസിൽ), ലൂയിസ് (ആസ്റ്റൺ വില്ല), ഗോമസ് (വോൾവ്സ്), പക്വേറ്റ (വെസ്റ്റ് ഹാം)

ഫോർവേഡുകൾ: എൻഡ്രിക് (പാൽമിറാസ്), ഇവാനിൽസൺ (പോർട്ടോ), ഗബ്രിയേൽ മാർട്ടിനെല്ലി (ആഴ്സണൽ), റാഫിഞ്ഞ്യ (ബാഴ്സലോണ), റോഡ്രിഗോ (റയൽ മാഡ്രിഡ്), സാവിഞ്ഞ്യോ (ജിറോണ), വിനീഷ്യസ് ജൂനിയർ (റയൽ മാഡ്രിഡ്).

# ഇന്ത്യയുടെ 'അഭിമാന ജ്വാല'– ഏഷ്യൻ പവർ ലിഫ്റ്റിങ്ങിൽ നാല് മെഡലുകൾ നേടി മലയാളി താരം

തിരുവനന്തപുരം: ഏഷ്യൻ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ നാല് മെഡലുകൾ സ്വന്തമാക്കി ഇന്ത്യയുടെ അഭിമാനമായി മലയാളി താരം ജ്വാല ജോസ്. സീനിയർ വിഭാ?ഗത്തിൽ മത്സരിച്ച താരം ഒരു വെള്ളി, മൂന്ന് വെങ്കലം മെഡലുകളാണ് താരം സ്വന്തമാക്കിയത്. ഹോങ്കോങിൽ വച്ച് മെയ് അഞ്ച് മുതൽ 12 വരെ നടക്കുന്ന ഏഷ്യൻ പോരിലാണ് താരത്തിന്റെ നേട്ടം.

തിരുവനന്തപുരം കരിക്കകം നിവാസിയും ദേശീയ, അന്തർദേശീയ പവർ ലിഫ്റ്റിങ് താരങ്ങളുമായ ജോസിന്റെയും ലേഖയുടേയും മകളും വിമൻസ് കോളജിൽ പിജി വിദ്യാർഥിയുമാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഉള്ള സെൻട്രൽ സ്റ്റേഡിയത്തിലെ ജിമ്മിലാണ് താരം പരിശീലനം നടത്തുന്നത്.



# മലയാളി നഴ്സിന് സ്മൈൽ ട്രെയിൻ അവാർഡ്

ലോകത്തിലെ ഏറ്റവും വലിയ ക്ലെഫ്റ്റ് ഫോക്കസ്ഡ് എൻജിഒയായ സ്മൈൽ ട്രെയിൻ നൽകുന്ന ഈ വർഷത്തെ "ടീച്ച് എ വുമൺ ടു ഫിഷ് അവാർഡ്" തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫീമെയിൽ സർജറി വാർഡിലെ ഹെഡ് നഴ്സ് സിസ്റ്റർ ശോഭ ലോനപ്പനു ലഭിച്ചു. ന്യൂയോർക്കിൽ നടന്ന സ്മൈൽ ട്രെയിൻ ഗാലയിയുടെ 25-ാം വാർഷികത്തിൽ ക്ലെഫ്റ്റുള്ള കുട്ടികളോടുള്ള അവരുടെ അചഞ്ചലമായ അർപ്പണബോധത്തിനും അനുകമ്പയുള്ള പരിചരണത്തിനും അംഗീകാരമായാണ് അവർക്ക് ആഗോള അവാർഡ് സമ്മാനിച്ചത്. ക്ലെഫ്റ്റ് കെയർ മെഡിക്കൽ പ്രൊഫഷണലുകൾക്ക് നൽകുന്ന ഈ ആഗോള അംഗീകാരം ലഭിക്കുന്ന ആദ്യത്തെ നഴ്സാണ് സിസ്റ്റർ ശോഭ. 2007 മുതൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സ്മൈൽ ട്രെയിൻ-പിന്തുണയുള്ള ക്ലെഫ്റ്റ് കെയർ പ്രോഗ്രാമിന്റെ അവിഭാജ്യ ഘടകമാണ് സിസ്റ്റർ ശോഭ. ക്ലെഫ്റ്റ് ചികിത്സയ്ക്ക് വിധേയരായ കുട്ടികൾക്ക് സമഗ്രമായ പരിചരണം നൽകുന്നതിനുള്ള അവരുടെ ശ്രദ്ധേയമായ പ്രതിബദ്ധതയ്ക്ക് രോഗികളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ഒരുപോലെ പ്രശംസ നേടിയിട്ടുണ്ട്.

"ആരോഗ്യ പരിപാലനത്തിൽ അനുകമ്പയുടെയും അർപ്പണബോധത്തിന്റെയും പ്രതിരൂപമാണ് സിസ്റ്റർ ശോഭ ലോനപ്പൻ, ക്ലെഫ്റ്റുകളാൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്കും ക്ലെഫ്റ്റ് സംരക്ഷണ സമൂഹത്തിനും അമൂല്യമായ സംഭാവനകൾ നൽകാൻ അവർക്ക് കഴിഞ്ഞു. ഞങ്ങളുടെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ സ്മൈൽ ട്രെയിനിന്റെ പ്രധാന മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് മികവിനും അനുകമ്പയുള്ള പരിചരണത്തിനുമുള്ള അവരുടെ



പ്രതിബദ്ധത.' പുരസ്കാരത്തെ കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ, സ്മൈൽ ട്രെയിൻ സീനിയർ വൈസ് പ്രസിഡന്റ്റും റീജിയണൽ ഡയറക്ടറുമായ മംമ്ത കരോൾ പറഞ്ഞു.

"ഇന്ത്യയിൽ സ്മൈൽ ട്രെയിനുമായി സഹകരിക്കുന്ന ആദ്യത്തെ ആശുപത്രികളിൽ ഒന്നായതിനാൽ, ഞങ്ങളുടെ ബഹുമാനപ്പെട്ട സിസ്റ്റർ ശോഭയ്ക്ക് ലഭിച്ച ആഗോള അംഗീകാരത്തിൽ ഞങ്ങൾ അങ്ങേയറ്റം അഭിമാനിക്കുന്നു. ഈ അംഗീകാരം സ്മൈൽ ട്രെയിനിന്റെ മുൻനിര ശുശ്രൂഷകരുടെ സംഭാവനകളെ മാനിക്കുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയെ അടിവരയിടുന്നു. അത്തരം അംഗീകാരങ്ങൾ മേഖലയിലുടനീളമുള്ള നഴ്സുമാർക്ക് പ്രചോദനമായി വർത്തിക്കുകയും അവരുടെ പരിശ്രമങ്ങളിൽ മികവ് പുലർത്താൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.' ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് സർജൻ ഡോ. പി വി നാരായണൻ പരാമർശിച്ചു.

"എല്ലാ ദിവസവും ചെയ്യുന്ന ജോലിക്ക് അംഗീകാരം ലഭിക്കുന്നതിൽ ഞാൻ ശരിക്കും വിനയാന്വിതമാണ്. ക്ലെഫ്റ്റുള്ള കുട്ടികളെ പരിപാലിക്കുന്നതിനുള്ള യാത്ര പ്രതീക്ഷയുടെയും രോഗശാന്തിയുടെയും സന്തോഷത്തിന്റെയും എണ്ണമറ്റ നിമിഷങ്ങൾ നിറഞ്ഞ അഗാധമായ പ്രതിഫലം നൽകുന്ന ഒന്നാണ്. ഈ അവിശ്വസനീയമായ യാത്രയുടെ ഭാഗമാകാൻ എന്നെ പ്രാപ്തമാക്കിയ സ്മൈൽ ട്രെയിനിന്റെ തുടർച്ചയായ പിന്തുണയ്ക്ക് ഞാൻ സ്മൈൽ ട്രെയിനിനോട് അങ്ങേയറ്റം നന്ദിയുള്ളവളാണ്. ഈ ബഹുമതി എന്റേത് മാത്രമല്ല, സമർപ്പണവും കൂട്ടായ പ്രവർത്തനത്തിലൂടെയും എല്ലാ ദിവസവും അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന മുഴുവൻ ടീമിനുമുള്ള ആദരവും കൂടിയാണ്." തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫീമെയിൽ സർജറി വാർഡിലെ ഹെഡ് നഴ്സ് സിസ്റ്റർ ശോഭ ലോനപ്പൻ തന്റെ അഗാധമായ നന്ദി പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു.കഴിഞ്ഞ 23 വർഷമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 16,000-ലധികം ശസ്ത്രക്രിയകൾക്കും മറ്റ് അവശ്യ നോൺ-സർജിക്കൽ പരിചരണങ്ങൾക്കും സ്മൈൽ ട്രെയിൻ ഇന്ത്യ പിന്തുണ നൽകിയിട്ടുണ്ട്. രണ്ട് സംഘടനകളും ചേർന്ന് ആയിരക്കണക്കിന് രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തെ പല തരത്തിൽ മാറ്റിമറിച്ചു.



## 37 വർഷത്തിന് ശേഷം ഒത്തുകൂടി സതീർഥ്യർ

കോഴിക്കോട്: മലബാർ ക്രിസ്ത്യൻ കോളേജിൽ 1984-87 ബാച്ചിൽ ബിഎ എക്കണോമിക്സ് ആന്റ് ഹിസ്റ്ററി വിഭാഗത്തിൽ വിദ്യാർത്ഥികളായ 30 ഓളം പേരാണ് 37 വർഷങ്ങൾക്ക് ശേഷം യാഷ് ഇന്റർ നാഷണലിൽ ഒത്തു കൂടിയത്. മുപ്പത്തിയേഴു വർഷം മുൻപത്തെ ക്രസ്ത്യൻ കോളേജിലെ വിദ്യാർത്ഥികളായാണ് അവർ സംഗമത്തിന് മിഴിവേകിയത്. ഇക്കാലയളവിൽ മൺമറഞ്ഞ ഗുരുനാഥന്മാരുടെയും, സതീർഥ്യരുടെയും ഓർമ്മകൾക്ക് മുമ്പിൽ പ്രണാമമർപ്പിച്ചാണ് പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് കൂട്ടുകാരെല്ലാവരും ചേർന്ന് കേക്ക് മുറിച്ച് ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. ശൈജ സ്വാഗതമാശംസിച്ചു. ഗ്രൂപ്പിലുണ്ടായിരുന്ന പലരും വിദേശത്തും മറ്റും ആയതിനാൽ പലർക്കും എത്താനായില്ല. 20ഓളം പേരാണ് സംഗമത്തിൽ പങ്കെടുത്തത്. ഗ്രൂപ്പ് അഡ്മിൻ ഫൈസൽ.കെ അധ്യക്ഷത വഹിച്ചു.ശാസ്ത ഹരികുമാർ സ്വാഗതം പറഞ്ഞു. പഴയ കാല അനുഭവങ്ങൾ ഓർത്തെടുത്തും, അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചും എല്ലാം മറന്ന് 37 വർഷം മുമ്പുള്ള മധുരമുള്ള ഓർമ്മകൾ പങ്കുവെച്ച് സംഗമത്തിന് സമാപനം കുറിച്ചു. സുരേഖ നന്ദിയും പറഞ്ഞു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.